# പ്രതീക്ഷയുടെ പൂമൊട്ടുകൾ

ഉയിർപ്പ് ലക്കം 2013

ഈസ്റ്റർ ആശംസകൾ




പുതിയ അമരക്കാരൻ



കൃതജ്ഞതാമലരുകൾ

# പ്രതീക്ഷയുടെ പൂമൊട്ടുകൾ




വാല്യം 31    ഉയിർപ്പ് ലക്കം 2013

"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി ആൻഡ്രൂസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**സുജ ചോതിരക്കുന്നേൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ഫിലോ കുറ്റിയാത്ത് എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ഡോളി കണ്ടച്ചാലിൽ എ.ഒ.**

**വാർഷിക വരിസംഖ്യ -100/-**

പ്രിന്റിംങ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. Tel: 2570862**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 0481-2578192,2309774**
**Email: psmktm@gmail.com**

## ഉള്ളടക്കം

- പുതിയ അമരക്കാരൻ 03
- സ്വർഗ്ഗവും സ്നേഹസഹവാസവും 04
- വിളി കേൾക്കുന്ന കർണ്ണപുടങ്ങൾ 07
- പരി. കുർബാന ഉത്ഥാനാഘോഷവും നമ്മുടെ ഉയിർപ്പിന്റെ കാരണവും 09
- ഊന്നുവടികളും ചുമടുതാങ്ങികളും 11
- തീക്കനലിൽ തിളങ്ങുന്ന വിശ്വാസം 12
- വഴിക്ക് ശണ്ഠ അരുത് 14
- വിശുദ്ധിയുടെ മുത്തുകൾക്ക് 16
- The Youth of Yesterday, To-day and Tomorrow 18
- സഭയിലൂടെയുള്ള ദൈവത്തിന്റെ സംഭാഷണം 20
- കെട്ടണം അഥവാ ബന്ധിക്കണം 22
- ശരീരത്തിന് ഉയിർപ്പേകുന്നവൻ 24
- ത്യാഗതേജസ്സ്...ത്യാഗജ്യോതിസ്സ്.... 25
- ഈശോ എന്റെ സ്വന്തം 29
- തകർക്കപ്പെടുന്ന യൂറോപ്പിലെ ദൈവാലയങ്ങൾ 30
- ഉത്ഥിതനോടൊപ്പം 31
- അമ്മയോടൊപ്പം വിശ്വാസവഴിയേ 32

എഡിറ്റോറിയൽ

# മഹത്ത്വശോഭയിൽ

കുരിശിലെ ശൂന്യവൽക്കരണത്തിലൂടെ മരണത്തിന്റെ താഴ്‌വര കടന്ന് സർവ്വ ലോകത്തിന്റെയും കർത്താവും രക്ഷകനുമായി മാറിയ മിശിഹാതമ്പുരാന്റെ ഉത്ഥാനം ധ്യാനവിഷയമാക്കുന്ന ആരാധനാവത്സരകാലത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. ആരാധനാവത്സരത്തിന്റെതന്നെ കേന്ദ്രബിന്ദുവായ മിശിഹായുടെ ഉത്ഥാനം ക്രിസ്തീയവിശ്വാസത്തിന് അടിസ്ഥാനവും മരിച്ചവരുടെ ഉത്ഥാനത്തിന് ഉറപ്പുമാണ്: "മിശിഹാ ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം" (1 കൊറി 15,14). മിശിഹായുടെ മഹത്ത്വത്തിനുള്ള മുന്നൊരുക്കമായിരുന്നു അവിടുത്തെ മരണം. ഈലോകജീവിതത്തിൽ പല തരത്തിലുള്ള സഹനമരണാനുഭവങ്ങൾ നമുക്ക് തീർച്ചയായും ഉണ്ടാകും. ആ സാഹചര്യങ്ങളെ ഈശോയോടൊത്ത് നേരിട്ടാൽ അവിടുത്തെ ഉത്ഥാനമഹത്ത്വപ്രഭയിൽ നമുക്കും പങ്കുചേരാനാകും.

ദിവ്യനാഥന്റെ പുണ്യപാത പിഞ്ചെന്ന് ആഗോളകത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷസ്ഥാനത്തിന്റെ മഹിമയും മഹത്ത്വവും ഉപേക്ഷിച്ച് സഭയുടെ ഉപരിനന്മയ്ക്കായി കളമൊഴിഞ്ഞ പോപ്പ് എമെരിറ്റസ് ബനഡിക്ട് പതിനാറാമന്റെ ത്യാഗത്തിന്റെയും എളിമയുടെയും ധൈര്യത്തിന്റെയും മുമ്പിൽ നമുക്ക് തലകുനിക്കാം. അധികാരത്തിനും സ്ഥാനമാനങ്ങൾക്കുംവേണ്ടി പരസ്പരം പടപൊരുതുന്ന, ലഭിച്ച അധികാരസ്ഥാനങ്ങൾ നിലനിർത്താൻ ഏതു കുത്സിതശ്രമവും നടത്തുന്ന ലോകജനതയിലെ ബഹുഭൂരിപക്ഷത്തിനും മാതൃകയാണദ്ദേഹം. ആഴമേറിയ ആദ്ധ്യാത്മികതയുള്ളവർക്കേ, ഈശോനാഥന്റെ വാക്കുകൾ ശിരസ്സാ വഹിക്കുന്നവർക്കേ, ഇങ്ങനെയൊരു സ്ഥാനത്യാഗത്തിനൊരുമ്പെടാനാകൂ. ദൈവപുത്രന്റെ സ്വയംശൂന്യമാക്കൽ സ്വജീവിതത്തിൽ പകർത്തി, ലോകത്തിനു മറഞ്ഞിരുന്ന്, പ്രാർത്ഥനയിലൂടെ സഭാശുശ്രൂഷ നിർവ്വഹിക്കുന്ന അദ്ദേഹം നമുക്കേവർക്കും അനുകരണാർഹനാണ്. ഇക്കാലമത്രയും തിരുസ്സഭയ്ക്കു ചെയ്ത സേവനങ്ങൾക്ക് ബനഡിക്ട് പതിനാറാമൻ പോപ്പ് എമെരിറ്റസിന് കൃതജ്ഞതാമലരുകൾ അർപ്പിക്കുന്നതോടൊപ്പംസഭാനൗകയെ മുന്നോട്ടുനയിക്കാൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട പരിശുദ്ധ പിതാവ് മാർ ഫ്രാൻസിസ് പാപ്പായ്ക്ക് പ്രാർത്ഥനാമഞ്ജരികളുമേകാം.

ഏവർക്കും ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ!

ചീഫ് എഡിറ്റർ



# പുതിയ അമരക്കാരൻ

പരസ്പര വിശ്വാസത്തിലും സ്നേഹത്തിലും അധിഷ്ഠിതമായ സാഹോദര്യത്തിന്റെ യാത്രയിൽ, പരസ്പരം പ്രാർത്ഥിച്ചുകൊണ്ട് മുന്നേറാനുള്ള ആഹ്വാനവുമായി തിരുസ്സഭയുടെ പുതിയ അമരക്കാരൻ ഫ്രാൻസിസ് പാപ്പാ....

പത്രോസിന്റെ സിംഹാസനത്തിലെ 266-ാമത്തെ പിൻഗാമിയാകാൻ ദൈവത്താൽ നിയോഗിക്കപ്പെട്ട കർദ്ദിനാൾ ഹോർഗെ മാരിയോ ബെർഗോളിയോ മാധ്യമക്കണ്ണുകൾ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്ന വ്യക്തിയായിരുന്നില്ല. തിരുസ്സഭയിലെ ദൈവത്തിന്റെ സാന്നിദ്ധ്യത്തിന്റെയും പ്രവർത്തനത്തിന്റെയും പ്രകടനമെന്നോണം അർജന്റീനയുടെ തലസ്ഥാനമായ ബുവേനോസ് ആരീസിലെ ആർച്ചുബിഷപ്പായിരുന്ന അദ്ദേഹം ആഗോള കത്തോലിക്കാസഭയുടെ തലവനായി ഉയർത്തപ്പെട്ടു!

ഇറ്റലിയിൽനിന്നും കുടിയേറിപ്പാർത്ത റെയിൽവേ ജീവനക്കാരനായിരുന്ന മാരിയോ ഹോസേ ബെർഗോളിയോയുടെയും റജീനാ മരിയ സിവോറിയുടെയും അഞ്ചു മക്കളിലൊരുവൻ... കെമിസ്ട്രിയിൽ ബിരുദാനന്തരബിരുദം... ശേഷം വൈദികപരിശീലനം. ഈശോസഭയിൽ ചേർന്ന് 1960 ൽ വൈദികപട്ടം സ്വീകരിച്ചു. നോവിസ് മാസ്റ്റർ, അദ്ധ്യാപകൻ, റെക്ടർ, ഈശോസഭയുടെ പ്രൊവിൻഷ്യൽ, യൂണിവേഴ്സിറ്റി ഓഫ് എൽസാൽവദോറിലും കൊർദോബയിലും സ്പിരിച്ച്വൽ ഡയറക്ടർ തുടങ്ങി വിവിധ തസ്തികകളിൽ വിളങ്ങിയ അദ്ദേഹം 1992 ൽ ബുവേനോസ് ആരീസ് അതിരൂപതയുടെ സഹായമെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു. 1998 ൽ ആർച്ചുബിഷപ്പായും 2001 ൽ കർദ്ദിനാൾ സ്ഥാനത്തേക്കും ഉയർത്തപ്പെട്ടു. ഇപ്പോൾ തിരുസ്സഭയുടെ പരമാദ്ധ്യക്ഷപദവിയിലേക്കും....

തത്ത്വശാസ്ത്രവും മനഃശാസ്ത്രവും സാഹിത്യവും ഇഷ്ടപ്പെടുന്ന ഫ്രാൻസിസ് പാപ്പായ്ക്ക് തിരുസ്സഭയെയും സമൂഹത്തെയും മതത്തെയും രാഷ്ട്രത്തെയും കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുകളുണ്ട്. ദൈവശാസ്ത്രസംബന്ധമായ കാര്യങ്ങളിലുള്ള യാഥാസ്ഥിതികത്വം, വിമോചനദൈവശാസ്ത്രത്തിനപ്പുറം മനുഷ്യമക്കളുടെ വിവിധതലങ്ങളിലും വിവിധതരത്തിലുമുള്ള വിമോചനത്തെക്കുറിച്ചു പഠിപ്പിച്ച മിശിഹായുടെ ജീവിതശൈലി പിന്തുടരാൻ അദ്ദേഹത്തെ സഹായിച്ചു. ഫ്രാൻസിസ് പാപ്പായുടെ സാമൂഹ്യനീതിയോടുള്ള പ്രതിബദ്ധതയും സമൂഹത്തിൽ നടമാടുന്ന ധാർമ്മികാപചയത്വത്തിനെതിരെയുള്ള ശക്തമായ നിലപാടുകളും ജീവിതലാളിത്യവും സഭയിലും സമൂഹത്തിലും ചലനങ്ങളുണ്ടാക്കുമെന്നത് തീർച്ച.

സഭയ്ക്കുള്ളിൽനിന്നും പുറത്തുനിന്നും ഏറെ വെല്ലുവിളികൾ നേരിടുന്ന ഇക്കാലത്ത് സഭാനൗകയെ കോളിളക്കങ്ങളിലും കൊടുങ്കാറ്റിലും ശാന്തമായി നയിക്കാൻ ഫ്രാൻസിസ് പാപ്പായ്ക്കുവേണ്ടി പ്രാർത്ഥനകൾ ഉയർത്തേണ്ടതുണ്ട്. ഒപ്പം, ഇത്രയും നാൾ സഭയെ നയിച്ച് ഇപ്പോൾ തന്റെ പ്രാർത്ഥനയിലൂടെ സഭയെ ശക്തിപ്പെടുത്തുന്ന പോപ്പ് എമെരിറ്റസ് ബനഡിക്ട് പതിനാറാമനു വേണ്ടിയും നന്ദി നിറഞ്ഞ ഹൃദയത്തോടെ പ്രാർത്ഥിക്കാം.




സെനക്കിൾ ആദ്ധ്യാത്മികത - 11



# സ്വർഗ്ഗവും സ്നേഹസഹവാസവും

ഡോ. മാത്യു വെള്ളാനിക്കൽ

സെനക്കിളിൽവച്ച്, തന്റെ വേർപാട് ആസന്നമായെന്ന് ഈശോ ശിഷ്യരെ അറിയിച്ചപ്പോൾ അവർ അസ്വസ്ഥരും ദുഃഖിതരുമായി. അവരെ ആശ്വസിപ്പിച്ചുകൊണ്ട് ഈശോ പറഞ്ഞു: "നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട. ദൈവത്തിൽ വിശ്വസിക്കുവിൻ. എന്നിലും വിശ്വസിക്കുവിൻ" (യോഹ 14,1). "ദൈവമായ കർത്താവേ, എന്റെ ദൃഷ്ടി അങ്ങയുടെ നേരെ തിരിഞ്ഞിരിക്കുന്നു. അങ്ങിൽ ഞാൻ അഭയംതേടുന്നു" (സങ്കീ 141,8) എന്ന സങ്കീർത്തകന്റെ വാക്കുകൾ അനുസ്മരിപ്പിക്കുന്ന ആശ്വാസവാക്കുകളാണ് ഈശോ ശിഷ്യരോടു പറയുന്നത്. തെളിയിക്കുവാൻ പറ്റാത്തതു വിശ്വസിക്കുവാനും, മനസ്സിലാക്കുവാൻ പറ്റാത്തത് സ്വീകരിക്കുവാനും നിർബന്ധിക്കപ്പെടുന്ന നിമിഷങ്ങൾ നമ്മുടെ ജീവിതത്തിലുണ്ടാകാം. അപ്പോഴെല്ലാം നമുക്ക് ആശ്വാസം നല്കുന്ന ഒരു വസ്തുത നമ്മെ സ്നേഹിക്കുന്ന ഒരു ദൈവപിതാവ് നമുക്കുണ്ടെന്നും അവിടുത്തെ സ്നേഹിക്കുന്നവർക്ക് അവിടുന്ന് എല്ലാം നന്മയ്ക്കായി പരിണമിപ്പിക്കുമെന്നുമുള്ള വിശ്വാസമാണ് (റോമാ 8,28). എന്നാൽ, ഈശോ 'ദൈവത്തിൽ വിശ്വസിക്കുവിൻ' എന്നു പറഞ്ഞ് അവസാനിപ്പിക്കുകയല്ല. "എന്നിലും വിശ്വസിക്കുവിൻ" എന്നാണ് അവിടുന്ന് പറയുന്നത്. ഈശോയിലുള്ള വിശ്വാസം ദൈവവിശ്വാസത്തിന്റെ മറ്റു ചില സുപ്രധാന വശങ്ങൾ വെളിപ്പെടുത്തുന്നുണ്ട്. ദൈവത്തിന്റെ

സ്വയം വെളിപ്പെടുത്തലിന്റെ പൂർണ്ണത ഈശോയിലാണല്ലോ.

### വിശ്വാസം: സ്വർഗ്ഗത്തിന്റെ വാതിൽ

ഈശോ പറയുന്നു: "എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്" (യോഹ 14,2). 'പിതാവിന്റെ ഭവനം' സ്വർഗ്ഗമാണ്. സ്വർഗ്ഗത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട് എന്ന് പറയുന്നതിന്റെ അർത്ഥമെന്താണ്? മനുഷ്യരുടെ നന്മകളുടെ കൂടുതൽകുറവനുസരിച്ച് സ്വർഗ്ഗത്തിൽ ലഭിക്കാനിരിക്കുന്ന മഹത്ത്വത്തിന്റെ വ്യത്യസ്ത പടികളാവാം. സ്വർഗ്ഗീയ സൗഭാഗ്യത്തിലേക്ക് ഒരുവനെ നയിക്കുന്ന വിവിധഘട്ടങ്ങളാവാം. സ്വർഗ്ഗത്തിൽ എല്ലാവർക്കും ഇടമുണ്ട് എന്നുമാവാം. ഏതായാലും സ്വർഗ്ഗീയസൗഭാഗ്യത്തിലുള്ള പ്രത്യാശയാണ് ക്രിസ്തീയവിശ്വാസത്തിന്റെ മുഖമുദ്ര. വിശ്വാസം ഈ സ്വർഗ്ഗത്തിലേക്കുള്ള വാതിലാണ്. അത് നമുക്കായി തുറക്കപ്പെട്ടത് മാമ്മോദീസായുടെ നിമിഷത്തിലാണ്. ഈശോയുടെ മാമ്മോദീസായുടെ സന്ദർഭത്തിൽ സ്വർഗ്ഗം തുറക്കപ്പെട്ടു എന്നും പിതാവിന്റെ പ്രസാദത്തിന്റെ സ്വരം കേട്ടു എന്നും സുവിശേഷത്തിൽ വിവരിക്കപ്പെടുന്ന അനുഭവം (മത്താ 3,16-17) നമ്മുടെ ഓരോരുത്തരുടെയും മാമ്മോദീസായുടെ മുന്നോടിയാണ്. മാമ്മോദീസായിലൂടെയാണല്ലോ നാം ക്രിസ്തീയവിശ്വാസത്തിലേക്ക് പ്രവേശിപ്പിക്കപ്പെടുന്നത്. പിതാവിന്റെ ഭവനമാകുന്ന ഈ സ്വർഗ്ഗം പിതാവിന്റെ ഹൃദയത്തോളം വിസ്തൃതമാണ്. അവിടെ എല്ലാവർക്കും ഇടമുണ്ട്. മനുഷ്യർ നമുക്കെതിരായി വാതിലുകളടച്ചാലും ദൈവപിതാവ് ഒരിക്കലും അതു ചെയ്യുകയില്ല.

### ഈശോ: സ്വർഗ്ഗത്തിലേക്കുള്ള വഴിയൊരുക്കുന്നവൻ

സ്വർഗ്ഗത്തിലേക്കുള്ള വിശ്വാസത്തിന്റെ വഴി നമുക്കായി ഒരുക്കുന്നവൻ ഈശോ തന്നെയാണ്: "ഇല്ലായിരുന്നെങ്കിൽ നിങ്ങൾക്കു സ്ഥലമൊരുക്കാൻ പോകുന്നുവെന്നു ഞാൻ നിങ്ങളോടു പറയുമായിരുന്നോ?" (യോഹ 14,2). വിശ്വാസമാകുന്ന വഴിയിലൂടെ നമുക്കു മുമ്പേ സ്വർഗ്ഗത്തിലേക്കു പോയവനാണ് ഈശോ. "നമ്മുടെ വിശ്വാസത്തിന്റെ നാഥനും അതിനെ പൂർണ്ണതയിലെത്തിക്കുന്നവനുമായ ഈശോയെ മുന്നിൽ കണ്ടുകൊണ്ടുവേണം നാം ഓടാൻ" എന്ന് ഹെബ്രായലേഖകൻ നമ്മെ ഓർമ്മിപ്പിക്കുന്നു (12,2). "എന്നെ അനുഗമിക്കുക" എന്നാണല്ലോ ഈശോ ആവർത്തിച്ചുപറയുന്നത് (മർക്കോ 1,17.20; 2,14). ഈ സുവിശേഷഭാഗത്ത് താൻ വഴിതന്നെയാണെന്ന് ഈശോ വ്യക്തമായി പറയുന്നുണ്ട്. "കർത്താവേ, നീ എവിടേക്കു പോകുന്നുവെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ. പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും?" എന്ന് തോമ്മാശ്ലീഹാ ചോദിച്ചപ്പോൾ ഈശോ പറഞ്ഞു: "വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്കു വരുന്നില്ല" (യോഹ 14,5-6). സത്യമെന്ന നിലയിൽ പിതാവിനെ നമുക്കു വെളിപ്പെടുത്തിക്കൊണ്ടും, ജീവനെന്ന നിലയിൽ പിതാവിന്റെ ജീവനിൽ നമ്മെ പങ്കുകാരാക്കിക്കൊണ്ടും ഈശോ നമുക്ക് പിതാവിന്റെ ഭവനത്തിലേക്കുള്ള വഴിയായി ത്തീർന്നിരിക്കുന്നു. അങ്ങനെ ഈശോ നമുക്ക് സ്വർഗ്ഗത്തിലേക്കു വഴിയൊരുക്കുന്നവനായിത്തീരുന്നു.

### ഈശോ: സ്വർഗ്ഗത്തിലേക്കു നമ്മെ കൂട്ടിക്കൊണ്ടുപോകുന്നവൻ


ഈശോ വീണ്ടും പറയുന്നു: "ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിക്കഴിയുമ്പോൾ ഞാൻ ആയിരിക്കുന്നിടത്തു നിങ്ങളും ആയിരിക്കേണ്ടതിന് ഞാൻ വീണ്ടും വന്ന് നിങ്ങളെയും കൂട്ടിക്കൊണ്ടുപോകും" (യോഹ 14,3). ഈശോയുടെ ഉത്ഥാനത്തിന്റെയും രണ്ടാമാഗമനത്തിന്റെയും ഒരു പ്രഖ്യാപനമാണിത്. ഈശോയുടെ ഉത്ഥാനം നമ്മുടെ വിശ്വാസത്തിന്റെ കേന്ദ്രബിന്ദുവാണ്. "മിശിഹാ ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം" (1കൊറി 15,14). സ്വർഗ്ഗത്തിലേക്കുള്ള നമ്മുടെ വഴിയായ ഈശോ കുരിശുംവഹിച്ചുകൊണ്ട്

കാൽവരിയിലേക്കു പോവുകയും അവിടെ കുരിശിൽ തറയ്ക്കപ്പെട്ടു മരിക്കുകയും ചെയ്തുവെങ്കിൽ ഉത്ഥാനത്തിലൂടെ മഹത്ത്വത്തിലേക്കു പ്രവേശിച്ചുവെന്നത് നമ്മുടെ വിശ്വാസത്തിന് ഉറപ്പുനല്കുന്ന ഒരു വസ്തുതയാണ്. സഹനത്തിന്റെ പാതയായ വിശ്വാസത്തിന്റെ വഴിയിലൂടെ നടക്കുന്ന നമുക്ക് തന്റെ ഉത്ഥാനത്തിലൂടെ ഉറപ്പും പ്രത്യാശയും നല്കുന്നതിനു പുറമെ, നമ്മെ വിശ്വാസത്തിൽ കൈപിടിച്ചു നടത്തി സ്വർഗ്ഗത്തിലേക്കു കൂട്ടിക്കൊണ്ടുപോകുവാൻ ഈശോ നമ്മോടൊത്തുണ്ട് എന്ന വസ്തുതയും ഈശോ ഇവിടെ പ്രഖ്യാപിക്കുന്നു. ഈലോകജീവിതത്തിനും ചരിത്രത്തിനും ഒരന്ത്യമുണ്ട്; ഒരു പൂർത്തീകരണമുണ്ട്. അത് മിശിഹായുടെ മഹത്ത്വീകൃതവിജയമാണ്. തന്റെ മഹത്ത്വീകൃതവിജയദിനത്തിൽ തന്റെ സ്നേഹിതരെ തന്റെ ഭവനത്തിലേക്ക് സ്വാഗതം ചെയ്യുമെന്നുള്ളത് അവിടുത്തെ വാഗ്ദാനമാണ്.

**സ്വർഗ്ഗം: ഈശോയോടൊത്തുള്ള സഹവാസം**

"ഞാൻ ആയിരിക്കുന്നിടത്ത് നിങ്ങളും ആയിരിക്കും" എന്നാണല്ലോ ഈ അന്ത്യദിനാവസ്ഥയെ ഈശോ വിശേഷിപ്പിക്കുക. ഒരു ക്രൈസ്തവന് ഈശോ ആയിരിക്കുന്ന ഇടമാണ് സ്വർഗ്ഗം. അത് എങ്ങനെയായിരിക്കണമെന്ന് വാക്കുകളിൽ വിവരിക്കാനാവില്ല. അത് ഒരനുഭവമാണ്. നാം ഒരാളെ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കുകയും, ആ ആളിനോടുകൂടി ആയിരിക്കുകയും ചെയ്യുമ്പോഴാണല്ലോ സ്നേഹജീവിതം ആരംഭിക്കുക. യഥാർത്ഥ സ്നേഹസഹവാസത്തിലാണ് നാം യഥാർത്ഥത്തിൽ ജീവിക്കുന്നത്. ഈശോയോട് സ്നേഹത്തിലും സഹവാസത്തിലും ഒന്നാകുന്നതുവഴി ത്രിത്വൈകദൈവത്തോട് നാം ഒന്നാകുകയാണ്. അതുതന്നെയാണ് സ്വർഗ്ഗം. പിതാവിന്റെ ഭവനമാകുന്ന സ്വർഗ്ഗത്തെ ചിത്രീകരിക്കാൻ യോഹന്നാൻശ്ലീഹാ ഇവിടെ ഉപയോഗിക്കുന്ന വാക്ക് (വാസസ്ഥലം) ഇത് സൂചിപ്പിക്കുന്നുണ്ട്. ഗ്രീക്കിൽ 'മോനേ' (ഏകവചനം) 'മോനായ്' (ബഹുവചനം) എന്ന വാക്കുകളാണ് ഇവിടെ ഉപയോഗിക്കുക. ഗ്രീക്കിൽ 'മേനെയിൻ' (സഹവസിക്കുക) എന്ന ക്രിയാപദത്തിൽനിന്നുമാണ് ഈ നാമപദങ്ങൾ ഉത്ഭവിക്കുക. "എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ (മോനായ്) ഉണ്ട്" എന്ന് 14,2 ൽ പറയുമ്പോൾ, "എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ അടുത്തു വന്ന് അവനിൽ വാസസ്ഥലം (മോനേ) ഉറപ്പിക്കുകയും ചെയ്യും" എന്ന് 14,23 ൽ ഈശോ പറയുന്നു. അതുകൊണ്ട് സ്വർഗ്ഗം ഈശോയോടൊത്തുള്ള-ത്രിത്വൈകദൈവത്തോടൊത്തുള്ള- സ്നേഹസഹവാസംതന്നെയാണ്. ഈ സ്നേഹസഹവാസത്തിലേക്കുള്ള -സ്വർഗ്ഗത്തിലേക്കുള്ള-പ്രവേശനമാണ് വിശ്വാസമെങ്കിൽ, അതിലുള്ള നിത്യമായ സ്ഥിരീകരണമാണ് സ്വർഗ്ഗം.





# വിളി കേൾക്കുന്ന കർണ്ണപുടങ്ങൾ

ഏപ്രിൽ 14 – 20 ദൈവവിളി വാരം

**ഫാ. രാജു ചക്കനാട്ട് എസ്.ഡി.ബി**
സെക്രട്ടറി, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ദൈ**വം വിളിക്കുന്നു. നീ കേൾക്കുന്നുവോ?

ധാരാളം യുവജനങ്ങളെയും കുട്ടികളെയും ചിന്തിപ്പിക്കുകയും, ജീവിതത്തിന്റെ പ്രവർത്തനമേഖലകളിലേക്ക് ഇറങ്ങിത്തിരിക്കുവാൻ പ്രചോദിപ്പിക്കുകയും ചെയ്യുന്ന ഒരു ചോദ്യമാണിത്.

ദൈവം എന്താണ് എന്നിൽനിന്നും ആവശ്യപ്പെടുന്നത് എന്ന ചിന്തതന്നെ സ്വാർത്ഥതയുടെ ചുറ്റുവട്ടങ്ങളിൽ നിന്നും തുറവിയുടെ ലോകത്തേക്ക് കാലുവച്ചവർക്ക് മാത്രം വ്യക്തമാകുന്ന ഒന്നാണ്. ഏതൊരു ജീവിതാവസ്ഥയിലും ദൈവം ആഗ്രഹിക്കുന്നതിനനുസരിച്ച് ജീവിക്കാനാവുക എന്നതുതന്നെയാണ് ഓരോ വ്യക്തിയുടെയും സന്തോഷപ്രദവും സമാധാനപൂരിതവുമായ ജീവിതത്തിനാധാരം.

നല്ല നാളെകളെക്കുറിച്ച് കുട്ടികൾക്ക് പറഞ്ഞുകൊടുക്കുവാനും കുടുംബസദസ്സുകളിൽ അവയെക്കുറിച്ച് ചിന്തിക്കുവാനുമൊക്കെ മുതിർന്നവർ മുൻകൈ എടുക്കുകയും അതിനുള്ള അറിവും തുറവിയും പ്രകടിപ്പിക്കുകയും വേണം.





സമാധാനപൂർണ്ണമായ ഭാവിജീവിതങ്ങൾക്ക് സന്തോഷപ്രദമായ ജീവിതശൈലികൾ കൂടിയേ തീരൂ. കേരള കത്തോലിക്കാ മെത്രാൻസമിതി ഏപ്രിൽ 14 മുതൽ 20 വരെ ദൈവവിളി വാരമായും ആഗോള കത്തോലിക്കാ സഭ ഏപ്രിൽ 21 ദൈവവിളിക്കുവേണ്ടിയുള്ള പ്രാർത്ഥനാദിനമായും ആചരിക്കുന്നതും ഈ ചിന്താധരണി കൂടുതൽ പ്രസ്പഷ്ടമാക്കുവാൻ വേണ്ടിയാണ്. സമൂഹത്തിന്റെ നന്മയ്ക്കും സഭയുടെ വളർച്ചയ്ക്കും വ്യക്തികളുടെ വിശുദ്ധീകരണത്തിനുമൊക്കെ ഉത്തമരായ സമർപ്പിതരെയും വൈദികരെയും നമുക്കാവശ്യമാണ്. സമർപ്പിതജീവിതം സ്വീകരിച്ച് ദൈവരാജ്യസേവനത്തിനും ആത്മവിശുദ്ധീകരണത്തിനുമായി ഒരായുസ്സു മുഴുവൻ മാറ്റിവച്ചവരെ ആദരിക്കുവാനും, അത്തരം ജീവിതാന്തസ്സിലേക്ക് മറ്റുള്ളവരെ വഴി നടത്തുവാനും ദൈവവിളി വാരാചരണം ഉപകാരപ്രദമാണ്.

സമൂഹത്തിന്റെ നന്മയുടെ നിറസംഭരണികൾക്ക് സ്വാർത്ഥ, ലാഭ, മോഹങ്ങൾക്കപ്പുറമുള്ള സമർപ്പിത ജീവിതങ്ങളും അർപ്പണ ബോധമുള്ള വ്യക്തിത്വങ്ങളും അത്യന്താപേക്ഷിതമാകയാൽ കേരള കത്തോലിക്കാസഭയുടെ നേതൃത്വത്തിലുള്ള ദൈവവിളി വാരാചരണം ഏറ്റവും സമുന്നതമായി നടത്തപ്പെടേണ്ടതാണ്.

നടുന്നവനും വെള്ളമൊഴിക്കുന്നവനുമല്ല, വളർത്തുന്ന കർത്താവാണ് ഉടയോൻ എന്നു വരുന്നതിനാൽ നല്ല ദൈവവിളികൾ വളരുവാൻ ധാരാളം പ്രാർത്ഥനകൾ ആവശ്യമാണ്. പ്രാർത്ഥനാനിർഭരമായ വാരാചരണം സഭയുടെ നിലപാടുബോധ്യങ്ങൾക്ക് ശക്തി പകരും എന്നത് തീർച്ചയാണ്. ദൈവവിളികളെക്കുറിച്ച് ലജ്ജ ലവലേശമില്ലാതെ സംസാരിക്കുക, തീരുമാനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക തുടങ്ങിയവ വളരുന്ന സഭാസമൂഹത്തിന്റെ ലക്ഷണങ്ങളാണ്. അതിനാൽ സഭാഗാത്രത്തിലെ ഓരോ അംഗത്തിലും നിക്ഷിപ്തമായിരിക്കുന്ന ദൗത്യങ്ങളിൽ ഇവയും പ്രധാനപ്പെട്ടതുതന്നെ.

കൂടുതൽ ജോലിക്കാരെ കിട്ടുവാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുക. ലോകാതിർത്തികൾവരെ ചെന്ന് ദൈവരാജ്യം പ്രഘോഷിക്കുക. നല്ല ദൈവം കനിഞ്ഞു നല്കിയ ജീവിതപദ്ധതി നിറവേറ്റുവാൻ കരുണാമയൻ കനിവാർന്ന് അനുഗ്രഹിക്കട്ടെ. നാളെയുടെ സഭയ്ക്ക് ഉത്തമരായ നേതാക്കളെ വാർത്തെടുക്കുവാൻ ഇന്നിന്റെ കുഞ്ഞുങ്ങളെ നേർവഴിയിലൂടെ നടത്തുവാനുള്ള പ്രചോദനം ഏവർക്കും ലഭ്യമാകട്ടെ.



ദൈവം മുട്ടുന്ന ജീവിതവാതായനങ്ങൾ മലർക്കെ തുറന്നുകൊടുത്ത്, ഓരോരുത്തരുടെയും കുടുംബങ്ങളിലേക്ക് കടന്നുവന്ന് അത്ഭുതങ്ങൾ ചെയ്യുവാനായി പ്രപഞ്ചനാഥനെ അനുവദിക്കുവാൻ ഏവർക്കും ആകട്ടെ. സമർപ്പിതജീവിതങ്ങളിൽ ആയിരിക്കുന്നവർക്ക് വിശുദ്ധിയും ചൈതന്യവും നല്കി നല്ലവനായ ദൈവം ഏവരേയും സംരക്ഷിക്കട്ടെ.

വിളി വരുമ്പോൾ കർണ്ണപുടങ്ങൾ തുറന്ന് അതു ശ്രവിക്കുവാനും പ്രചോദനം ലഭ്യമാകുമ്പോൾ പടിവാതിൽ വിട്ട് വിളിച്ച തമ്പുരാന്റെ പിന്നാലെ പോകുവാനും ഏവർക്കും സാധ്യമാകട്ടെ. ദൈവവിളി വാരാചരണം ഏറ്റവും ഉത്തമമായ രീതിയിൽ ആചരിക്കുവാൻ എല്ലാവരേയും സ്നേഹപൂർവ്വം ക്ഷണിച്ചുകൊള്ളുന്നു.

**ഏപ്രിൽ 21: ദൈവവിളിക്കുവേണ്ടിയുള്ള പ്രാർത്ഥനാദിനം**


കൗദാശിക ആദ്ധ്യാത്മികത

# പരിശുദ്ധ കുർബാന: ഉത്ഥാനാഘോഷവും നമ്മുടെ ഉയിർപ്പിന്റെ കാരണവും

ഡോ. തോമസ് പൂവത്താനിക്കുന്നേൽ
കാഞ്ഞിരപ്പള്ളി

ഈശോമിശിഹാ ഇന്നലെയും ഇന്നും എന്നും ഒരാൾ തന്നെ (ഹെബ്രാ 13:8). അതായത് പിതാവിനോടു സമനായിരുന്നവനും അവിടുത്തെ സത്തയുടെ പ്രതിരൂപവും അവിടുത്തെ വചനവുമായിരുന്ന പുത്രൻതന്നെയാണ്. മനുഷ്യാവതാരം ചെയ്ത കർത്താവീശോമിശിഹാ നന്മചെയ്ത് കടന്നുപോയി. പീഡാസഹനവും മരണവും വഴി മനുഷ്യകുലത്തിന് രക്ഷാബലിയായിത്തീർന്ന ഈശോമിശിഹാതന്നെയാണ് ഉത്ഥാനം ചെയ്ത് സ്വർഗ്ഗത്തിലേക്ക്, ആദിമഹത്ത്വത്തിലേയ്ക്ക് പ്രവേശിച്ച് നിത്യം കർത്താവും ദൈവവുമായി (യോഹ 20,28) വാഴുന്നത്.

പരിശുദ്ധ കുർബാനയിലൂടെ നാം ഒന്നുചേരുന്നത് (communion) ഈശോമിശിഹായുമായിട്ടാണ്. അതായത്, ഇന്നും ജീവിക്കുന്നവനും ഉത്ഥിതനും മഹത്ത്വത്തിൽ വാഴുന്നവനുമായ പുത്രനായ ദൈവത്തോടു നാം ഐക്യപ്പെടുന്നു. പരിശുദ്ധ കുർബാനയിൽ അവിടുത്തെ രണ്ടാമത്തെ ആഗമനംവരെ അവിടുത്തെ മരണം നാം പ്രഖ്യാപിക്കുന്നു എന്ന് പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നു. എന്നാൽ മരണത്തോടെ അവസാനിച്ച ഒരു മനുഷ്യപുത്രന്റെ പ്രഖ്യാപനമല്ല, പിന്നെയോ മരണാനന്തരമഹത്ത്വത്തിലേക്ക് പ്രവേശിച്ച് മരണത്തെ പരാജയപ്പെടുത്തി മരണത്തിനുകാരണമായ തിന്മയെ വിജയിച്ച ഉത്ഥിതനായവന്റെ പീഡാസഹനവും മരണവുമാണ് ഇവിടെ പ്രഖ്യാപനം ചെയ്യുന്നത്. നമ്മുടെ രക്ഷകനും നാഥനുമായ ഈശോമിശിഹായുടെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും സംസ്കാരത്തി






ന്റെയും ഉത്ഥാനത്തിന്റെയും രഹസ്യത്തെ അനുഷ്ഠിക്കുന്നതാണ് കുർബാന എന്ന് നാലാം ഗ്ഹാന്ത പറയുന്നു.

ഈശോയുടെ ശരീരരക്തങ്ങളാണ് പരിശുദ്ധ കുർബാനയിൽ നാം സ്വീകരിക്കുന്നത്. മൃത്യുപാശത്തിന് സ്വയം സമർപ്പിച്ച ഈശോയുടെ ശരീരമെന്നതിനെക്കാൾ തിരുമുറിവിന്റെ അടയാളങ്ങളുമായി ശിഷ്യർക്ക് പ്രത്യക്ഷനായി ഉത്ഥാനത്തിലൂടെ മഹത്ത്വീകൃതനായവനെയാണ് നാം സ്വീകരിക്കുക.

ഈശോയുടെ മനുഷ്യശരീരം കല്ലറയിൽ അവശേഷിച്ചിട്ടില്ല, അത് ഉത്ഥാനം ചെയ്തു. ആ ശരീരമാകട്ടെ അടയ്ക്കപ്പെട്ട വാതിലുകൾ തടസ്സമാകാത്തവിധം രൂപാന്തരപ്പെട്ടു. ഈ ശരീരമാണ് അവിടുന്ന് കുർബാനയിലൂടെ ഇന്നും നമുക്കായി പങ്കുവയ്ക്കുന്നത്. കാരണം, മഹത്ത്വീകൃതനായിട്ടാണ് അവിടുന്ന് ഇന്ന് ആയിരിക്കുന്നത്. അതാകട്ടെ ഇന്നലെയായിരുന്നവനും നാളെ ആയിരിക്കുന്നവനുമായവൻ തന്നെ.

മാലാഖമാരുടെ ഗീതമാലപിച്ച് ആരംഭിക്കുന്ന കുർബാന കഴിഞ്ഞുപോയ ഒരു ചരിത്രസംഭവത്തിന്റെ അനുസ്മരണത്തോടൊപ്പം ഇന്നും ജീവിക്കുന്ന ദൈവത്തിനുള്ള സ്തുതിയർപ്പണമാണ്. ഉത്ഥാനഗീതം, ഉത്ഥാനം ചെയ്ത ഈശോയെ സകലത്തിന്റെയും അധിപനും മനുഷ്യന്റെ ഉയിർപ്പിനും രക്ഷയ്ക്കും കാരണവുമായി അംഗീകരിച്ച് ഏറ്റുപറയുന്ന ഗീതമാണ്.

ആരാധനാസമൂഹവും പുരോഹിതനും കിഴക്കോട്ടു ദർശനമായി പ്രാർത്ഥിക്കുന്നതും കുർബാന വേളയിൽ നില്ക്കുന്നതും ഉത്ഥാനത്തിന്റെ രഹസ്യത്തിനു നല്കുന്ന പ്രാധാന്യം വ്യക്തമാക്കുന്നു. ഉത്ഥാനാനുഭവത്തിൽ ഈശോയുടെ രക്ഷാകരമായ പദ്ധതിയുടെ അനുസ്മരണവും ആഘോഷവുമാണ് പരിശുദ്ധ കുർബാന. ഈശോയുടെ മരണത്തോടെ ദുഃഖിതരും നിരാശരുമായി, ശ്ലൈഹികകൂട്ടായ്മയും ആദിശിഷ്യരുടെ സമൂഹവും വിട്ട് എമ്മാവൂസ് തേടി പോയവരെ, അപ്പം മുറിക്കൽ ശുശ്രൂഷയെന്ന പരിശുദ്ധ കുർബാനയുടെ ആദിരൂപത്തിലൂടെ തിരികെ അവരുടെ കൂട്ടായ്മയിലേയ്ക്കയച്ച ഉത്ഥിതനായ ഈശോയാണ് പരിശുദ്ധ കുർബാന എന്ന ദിവ്യരഹസ്യം നല്കിയത്.

പരിശുദ്ധ കുർബാന ഉത്ഥാനത്തിന്റെ ആഘോഷവും അനുഭവവും വഴി ഉത്ഥിതനായവനോടുള്ള ഐക്യം സാധിതമാക്കുന്ന ദിവ്യരഹസ്യം മാത്രമല്ല, മനുഷ്യന്റെ ഉയിർപ്പിന്റെ അച്ചാരവുമാണ്. പരിശുദ്ധ കുർബാന ദൈവികജീവനിൽ നമ്മെ പങ്കുകാരാക്കുവാൻ കർത്താവ് നമ്മുടെ മനുഷ്യസ്വഭാവം സ്വീകരിക്കുകയും അധഃപതിച്ചുപോയ നമ്മെ സമുദ്ധരിക്കുകയും മൃതരായ നമ്മെ ജീവിപ്പിക്കുകയും ചെയ്ത രക്ഷാപദ്ധതിയാണ്. റൂഹാക്ഷണത്തിൽ, പരിശുദ്ധ കുർബാന മരിച്ചവരുടെ ഉയിർപ്പിലുള്ള വലിയ പ്രത്യാശയ്ക്കും കാരണമാകട്ടെ എന്നു പ്രാർത്ഥിക്കുന്നതും ശ്രദ്ധേയമാണ്. ഈശോ വാഗ്ദാനം ചെയ്തിരിക്കുന്ന പ്രകാരം, ഇതു ഭക്ഷിക്കുന്നവർ മരിക്കുകയില്ല. പ്രത്യുത രക്ഷപ്രാപിക്കുകയും നിത്യം ജീവിക്കുകയും ചെയ്യുമെന്ന് വിഭജനശുശ്രൂഷയിലെ ആദ്യപ്രാർത്ഥനയും ഞായറാഴ്ചയിലെ ഹുത്താമ്മായും നമ്മെ അനുസ്മരിപ്പിക്കുന്നു. കർത്താവേ, ഇവ ഞങ്ങളുടെ ശരീരങ്ങളുടെ ഉയിർപ്പിനും ആത്മാക്കളുടെ രക്ഷയ്ക്കും കാരണമാകട്ടെ എന്ന് അനുതാപ കാറോസൂസായിൽ നാം പ്രാർത്ഥിക്കുന്നു. പരിശുദ്ധ കുർബാന സ്വീകരണശേഷമുള്ള പ്രാർത്ഥനകൾ എല്ലാംതന്നെ കുർബാന നമ്മുടെ ഉയിർപ്പിനു നിദാനമാണെന്നു വ്യക്തമാക്കുന്നു.

### ആരാധനക്രമവത്സരം

***ആണ്ടുവട്ടത്തിൽ വിവിധകാലങ്ങളിലൂടെ മിശിഹായുടെ രക്ഷാകരരഹസ്യങ്ങൾ മുഴുവനും അനുഭവവേദ്യമാക്കിക്കൊണ്ട് സഭാതനയരുടെ സ്വർഗ്ഗോന്മുഖതീർത്ഥാടനം വിജയപ്രദമാക്കുവാൻ സഭാമാതാവ് സംവിധാനം ചെയ്തിരിക്കുന്നതാണ് ആരാധനക്രമവത്സരം. ഈശോമിശിഹായിൽ പൂർത്തിയാക്കപ്പെട്ട ദൈവത്തിന്റെ രക്ഷാകരപദ്ധതിയിലെ പ്രധാനസംഭവങ്ങളെ കേന്ദ്രീകരിച്ചുള്ളതാണ് പൗരസ്ത്യസുറിയാനിസഭയിലെ ആരാധനാവത്സരം. ൯ ആരാധനാകാലങ്ങളായാണ് പൗരസ്ത്യസുറിയാനിസഭയിലെ ആരാധനാവത്സരത്തെ വിഭജിച്ചിരിക്കുന്നത്. ഓരോ കാലത്തിന്റെയും ചൈതന്യമനുസരിച്ചുള്ള ജീവിതംവഴി സഭാമക്കൾക്ക് മിശിഹായെ അനുഭവിക്കുന്നതിനും തങ്ങളുടെ ജീവിതത്തെ വിശുദ്ധീകരിക്കുന്നതിനും സാധിക്കുന്നു. മറ്റ് തിരുനാളാഘോഷങ്ങളും ഭക്താനുഷ്ഠാനങ്ങളും നോമ്പാചരണങ്ങളുമെല്ലാം ഈ മിശിഹാനുഭവത്തിലേക്കു നമ്മെ നയിക്കുന്നതാവണം.***



# ഊന്നുവടികൾ

**എം.സി. ഇൽഡെഫോൺസ്**
സോഷ്യൽ ആനിമേറ്റർ

സ്വന്തം കാലുകൾ ചവുട്ടിനിന്നുകൊണ്ട് മുമ്പോട്ടുപോകാൻ സാധിക്കാതെവരുമ്പോൾ മറ്റുള്ളവരുടെ സഹായം നാം തേടുന്നു. നമ്മുടെയൊക്കെ ജീവിതത്തിൽ ജനനം മുതൽ മരണംവരെ ഈ അവസ്ഥ ഒഴിവാക്കാനാവുകയില്ല. ശിശുവായിരിക്കുമ്പോഴും, പിച്ചവച്ചു നടക്കുമ്പോഴും അമ്മ എപ്പോഴും അടുത്തുണ്ടാവും. ബാല്യത്തിലായാലും മാതാപിതാക്കളും കൂട്ടുകാരും കാണും താങ്ങാനും തലോടാനും സഹായിക്കാനും. ഒരു തരത്തിൽ അവരെല്ലാം ഊന്നുവടികളാണ്. യുവത്വത്തിലും ഈ അവസ്ഥ തുടരുന്നു. വിവാഹം കഴിഞ്ഞാൽ കൂടെ ഒരാളുമുണ്ടാകും, താങ്ങാനും തണലാകാനും, ഒരാൾക്കു രോഗം പിടിപെട്ടാൽ, അപകടത്തിൽ പെട്ടാൽ പങ്കാളി ഒരു താങ്ങായി മാറുന്നു. ഇവിടെ നമ്മെ നയിക്കുന്നത് സ്നേഹം എന്ന (പരിശുദ്ധാത്മാവിന്റെ) നിറവാണ്. ഇവിടെയൊക്കെ നാം അറിഞ്ഞോ അറിയാതെയോ ഊന്നുവടികളായി മാറുന്നു. ഈ ഊന്നുവടികളാവാൻ മക്കളും മരുമക്കളും മത്സരിക്കുന്ന കുടുംബങ്ങളും നമുക്കുണ്ടെന്നോർക്കുക. മറ്റൊരു കാര്യം ഉള്ളിൽ തട്ടുന്ന സ്നേഹമില്ലെങ്കിൽ ഈ ഊന്നുവടികൾ തന്നെ ശിക്ഷിക്കുന്ന വടികളായി മാറുന്ന കാഴ്ചകളും നമുക്കനുഭവമുണ്ടായിരിക്കാം. ഇവിടെയൊക്കെ നാം കരുതലോടെ പെരുമാറാൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ഊന്നുവടികളായ രണ്ടുപേരാണ് ആവേയും മനുവും. രണ്ടുപേരും സ്ത്രീകളാണ്. അവർ ഗാന്ധിജിയുടെ ഊന്നുവടികളായിരുന്നു. 1948 ജനുവരി 30-ന് വൈകുന്നേരം പ്രാർത്ഥനയ്ക്കായി ഗാന്ധിജിയുടെ ഊന്നുവടികളായി ആവേയുടേയും മനുവിന്റെയും തോളിൽ പിടിച്ചു പുറത്തേക്കിറങ്ങി. അപ്പോഴാണ് 35 വയസ്സുള്ള വിനായക് നഥുറാം ഗോഡ്സെ ഗാന്ധിജിയെ വണങ്ങാനെന്ന നാട്യത്തിൽ മുന്നോട്ടുവന്നു നമിച്ചിട്ട്, താൻ ഒളിപ്പിച്ചുവച്ചിരുന്നു കൈത്തോക്കെടുത്തു ഗാന്ധിജിയുടെ നേർക്കു നിറയൊഴിച്ചത്. അപ്പോൾ സമയം കൃത്യം 5 മണി 12 മിനിട്ട്. നഗരവും രാജ്യവും ലോകം തന്നെയും നടുങ്ങിയ ദിവസമായിരുന്നു അന്ന്. ഊന്നുവടികൾ നിശ്ചലരായി.

നമ്മുടെ ജീവിതത്തിലും ഇത്തരം സംഭവങ്ങൾ അരങ്ങേറാം. നമ്മെ താങ്ങിനിറുത്തുന്നവർ നിസ്സഹായകരാകുന്ന അവസരങ്ങളും ഉണ്ടാകാം. ഇവിടെ ഗാന്ധിജിയുടെ കാര്യത്തിൽ നാം കാണുന്നത്, തന്റെ മരണസമയത്തും അദ്ദേഹം ഉരുവിടുന്നത് അദ്ദേഹത്തിന്റെ വിശ്വാസമനുസരിച്ച് ഈശ്വരനാമമാണ്. നമുക്കും നമ്മുടെ യാതനകളിൽ, രോഗാവസ്ഥകളിൽ, സഹനങ്ങളിൽ ദൈവനാമം ഹൃദയത്തിലും ചുണ്ടുകളിലും നിറഞ്ഞുനിന്ന് പുറത്തേക്കൊഴുകട്ടെ; “എന്റെ ഈശോയേ, ഈശോയേ, ഈശോയേ” എന്ന ആ അത്ഭുതനാമം.




സഹനത്തിന്റെ കാൽവരി നെറുകയിൽ നിന്നും സഹനത്തെ നെഞ്ചിലാവഹിച്ച ഒരു പിടി സഹനാത്മാക്കളുണ്ട് നമ്മുടെയിടയിൽ.... അവർക്കായി പ്രാർത്ഥനയുടെ ധൂപച്ചുരുളുകളുയർത്താനായെങ്കിൽ.....

ജർമ്മൻ ദൈവശാസ്ത്രജ്ഞനായ കാൾറാനർ പറയുന്നു, ജീവിതകാലം മുഴുവൻ ദൈവത്തിന്റെ അഗ്രാഹ്യതയോട് ചേർന്നു നിൽക്കുകയെന്നതാണ് വിശ്വാസത്തിന്റെ അർത്ഥം. (Youcat No. 21) സജീവസ്നേഹത്തിലേക്ക് നയിക്കുന്നില്ലെങ്കിൽ വിശ്വാസം അപൂർണ്ണമാണ്. (Youcat No. 20) 'ഓരോ സഹനത്തിലും ദൈവത്തിന്റെ ഒരു നിഗൂഢ സന്ദേശം നമുക്കു നൽകുന്നുണ്ട്'.



# തീക്കനലിൽ തിളങ്ങുന്ന വിശ്വാസം

**മങ്ങാടൻ**

വിശ്വാസത്തോടെ ദൈവത്തിന്റെ അഗ്രാഹ്യതയോട് ചേർന്ന് നിൽക്കുമ്പോഴാണ് സഹനം അർത്ഥവത്താകുക. സഹയാത്രികനാകുന്ന ദൈവത്തിന്റെ സ്നേഹത്തെ അനുഭവിച്ചറിയുവാൻ ലഭിക്കുന്ന നിമിഷങ്ങളാണ് ഓരോ വ്യക്തിയുടെയും ജീവിതത്തിലെ സഹനനിമിഷങ്ങൾ.

കുരിശിന്റെ വിരിമാറിലുയർന്ന സന്ദേശവും മറ്റൊന്നും ആയിരുന്നില്ല. ദൈവഹിതത്തോടുചേരുവാൻ ദൈവം അനുവദിക്കുന്ന സഹനങ്ങളെ കുരിശോളം ഉയർത്തുക... ഈ നോമ്പുകാലം നമ്മെ അലട്ടുന്നതും അതുതന്നെ. ആധുനികതയുടെ അതിപ്രസരണത്താൽ സഹനത്തിന്റെ മാറ്റ് കുറഞ്ഞുവരുന്ന ഈ ലോകത്തിൽ പത്തരമാറ്റിന്റെ തിളക്കത്തോടെ, നിറപുഞ്ചിരിയോടെ, ആനന്ദത്തോടെ സഹനത്തെ ആവാഹിച്ചെടുത്ത സാക്ഷ്യജീവിതങ്ങളെ നമുക്കൊന്നു കാണാം... സഹനങ്ങളെ അവന്റെ കരുതലുള്ള സ്നേഹമായി കണക്കാക്കുന്നവർ... സൗഖ്യത്തെക്കാൾ സഹനസ്നാനം ലക്ഷ്യമാക്കുന്നവർ....

'നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ കടക്കും' എന്ന ശിമയോന്റെ പ്രവചനം കേൾക്കുമാറ് അത്ര നൊമ്പരപ്പെടുത്തുന്ന വാർത്തയായിരുന്നു അത്. നിറഞ്ഞൊഴുകുന്ന അനേകം കണ്ണുകൾ കോട്ടയം മെഡിക്കൽ സെന്ററിന്റെ ഐസിയുവിലും വരാന്തയിലുമായി നനവാർന്ന മിഴികളിലൂടെ കണ്ടു. എല്ലാവർക്കും സ്നേഹസാന്നിധ്യമാകുവാൻ യത്നിച്ച, നാട്ടുകാർക്കും വീട്ടുകാർക്കും ഒരുപോലെ പ്രിയങ്കരനായിരുന്ന ആ വ്യക്തിയുടെ മദ്ധ്യാഹനനിമിഷങ്ങൾ അത്ര രുചിയോടെ സ്വീകരിക്കാനായില്ല. 2013 ഫെബ്രുവരി 16 ന് രുചികരമല്ലാത്ത 11 വർഷം പിന്നിട്ടപ്പോൾ ദൈവത്തെ തൊട്ടറിയാൻ അനുവദിച്ച, ദൈവം ഇറങ്ങിവന്ന അനേകം നിമിഷാർദ്ധങ്ങളെ അദ്ദേഹം ഓർമ്മിച്ചെടുക്കുന്നു. "ദൈവമേ, നീ നല്ലവനാകുന്നു,



നിനക്ക് ഒരായിരം നന്ദി" എന്ന് ദിഗന്തങ്ങൾ മുഴങ്ങുമാറ് ഉച്ചത്തിൽ നിലവിളിക്കുവാനാ മനസ്സ് ആഗ്രഹിക്കുക.

"ഇങ്ങനെയായിപ്പോയല്ലോ എന്ന ചിന്ത ഒരിക്കലും തോന്നിയിട്ടില്ല. എന്നെപ്പറ്റി ചിന്തിക്കുന്നതിനേക്കാളുപരി എന്നെക്കാളും വേദനിക്കുന്നവരെപ്പറ്റിയാ എനിക്കു ചിന്ത. ദൈവം നൽകുന്ന നാളു മുഴുവൻ, വേദനയിലും പുഞ്ചിരിക്കുന്ന മുഖത്തോടെ, സന്തോഷം ഒരിക്കലും മായ്ക്കാതെ കഴിയണം".

കാഞ്ഞിരപ്പള്ളി രൂപതയിലെ ചിറക്കടവ് (താമരക്കുന്ന്) ഇടവകയിൽ വാവോലിൽ കുടുംബത്തിലെ 5 മക്കളിൽ മൂന്നാമത്തെ മകനായി അപ്പച്ചൻകുട്ടി (ആന്റണി ഐസക്) ജനിച്ചു. 14-ാമത്തെ വയസിൽ അപ്പൻ ഈ ലോകത്തോട് യാത്രപറഞ്ഞു.

അന്നു മുതൽ കഷ്ടാരിഷ്ടതയുടെ നാളുകൾ... 45 വയസ്സുവരെയുള്ള അദ്ദേഹത്തിന്റെ ജീവിതത്തിൽ നല്ല ഒരു മകന്റെയും ഭർത്താവിന്റെയും അപ്പന്റെയും കടമ നന്നായി നിർവ്വഹിക്കുവാൻ സാധിച്ചു. പ്രായമായി കിടപ്പിലായ അമ്മയെ ഒരു കുറവും കൂടാതെ സംരക്ഷിച്ച അത്യധ്വാനത്തിന്റെ ആൾരൂപമായ...നല്ലൊരു കർഷകൻ....

ഭൗതിക കാര്യങ്ങളോടൊപ്പം ആത്മീയ കാര്യങ്ങളിലും മുൻ നിരയിൽ... ഇടവകയിലെ വിൻസെന്റ് ഡി പോൾ സജീവപ്രവർത്തകൻ. സെന്റ് എഫ്രേം ഇടവകയിൽ പാരിഷ് കൗൺസിൽ അംഗം, സെന്റ് ജോർജ് പള്ളി ട്രസ്റ്റി...ഈവിധം കർമ്മരംഗങ്ങളിലെല്ലാം ഊർജ്ജസ്വലനായി പ്രവർത്തിക്കുന്ന സമയത്താണ് **'ദൈവത്തിന്റെ കരസ്പർശം'** തൊട്ടറിയാനായത്.

2002 ഫെബ്രുവരിയിൽ പുറത്തൊരു വിലക്കം പോലെയാണ് ആദ്യം അനുഭവപ്പെട്ടത്. വേദന അസഹനീയമായപ്പോൾ കോട്ടയം മെഡിക്കൽ സെന്ററിൽ വൈദ്യപരിശോധനയ്ക്കായി വന്നു. അവിടെനിന്നും എം. ആർ. ഐ. സ്കാനിംഗ് കഴിഞ്ഞ് ശ്രീചിത്തിരയിലേക്ക് മാറ്റി. ശ്രീചിത്തിരയിലെ പരിശോധനയിൽ 'ഇൻഫ്രാമെഡുല്ലറി കവർണോമ (Infra Medullary Covernoma) എന്ന് രോഗം സ്ഥിരീകരിക്കപ്പെട്ടു. മെഡുല്ലയുടെ ഭാഗത്ത് ഒരു ഞരമ്പ് വീർത്ത് പൊട്ടി, ഫ്ളൂയിഡ് രക്തത്തിൽ കലർന്ന് ഇൻഫക്ഷൻ ആയി എന്നായിരുന്നു വൈദ്യഭാഷ്യം. 2002 മാർച്ച് 23 ന് ഓപ്പറേഷൻ തീയതി നൽകി അവർ തിരിച്ചയച്ചു. അടുത്തുള്ള ആശുപത്രിയിൽ ഫിസിയോതെറാപ്പി ചെയ്യുക. തിരികെ മെഡിക്കൽ സെന്ററിൽ എത്തുമ്പോൾ പാതി തളർന്നിരുന്നു. മൂന്നാം ദിവസം കഴുത്തിന് കീഴ്പ്പോട്ട് മുഴുവൻ തളർന്നു. ശ്വാസം മുട്ടലും ഉണ്ടായിരുന്നതിനാൽ വെന്റിലേറ്റർ സൗകര്യം തേടി ഇൻഡോ അമേരിക്കൻ ആശുപത്രിയിലേക്ക് മാറ്റി.

തിരികെ ജീവിതത്തിലേക്ക് വരാനാകില്ല എന്ന പൂർണ്ണബോധ്യമുള്ളപ്പോഴും ഉത്കണ്ഠയോ, മരണഭയമോ ലവലേശം പോലും ഇല്ലായിരുന്നു എന്നദ്ദേഹം പറയുന്നു. കാരണം ഇന്നുവരെയുള്ള അനുഭവങ്ങൾ ദൈവത്തിന്റെ പദ്ധതിയിൽ നിരുപാധികം വിശ്വസിക്കുവാനാണ് പ്രേരിപ്പിച്ചിട്ടുള്ളത്. ഭാര്യയെയും മക്കളെയും (മകൾക്ക് 11 വയസ്സ്, മകന് 7 വയസ്സ്). ദൈവം നോക്കും, ഒരു ദോഷവും എന്റെ ദൈവം എനിക്ക് വരുത്തുകയില്ല എന്ന പരിപൂർണ്ണമായ വിശ്വാസം. സംസാരിക്കാനും കേൾക്കാനും ഓർമ്മിക്കാനും ദൈവം കൃപതന്നല്ലോ എന്ന ചിന്ത... ബന്ധങ്ങൾ ഇന്നും നിലനിർത്തുന്നതിൽ അപ്പച്ചൻകുട്ടി മിടുക്കനാണ്...കട്ടിലിൽ കിടന്നുകൊണ്ടു തന്നെ കുടുംബത്തിലെ കാര്യങ്ങൾ നിയന്ത്രിക്കുന്ന കുടുംബനാഥൻ... (തുടരും....)



# വഴിക്ക് ശണ്ഠ അരുത്

**ഫാ. ഷിബു പുളിക്കൽ**
കല്യാൺ രൂപത

അവർ പുറപ്പെട്ടപ്പോൾ അവൻ പറഞ്ഞു: “വഴിക്കുവച്ചു ശണ്ഠ കൂടരുത്”. പുറപ്പാടിന്റെ പുസ്തകത്തിൽ ജോസഫ് തന്റെ സഹോദരന്മാർക്കു നൽകുന്ന നിർദ്ദേശമാണിത്. ഈജിപ്തിലെ വിശിഷ്ടവസ്തുക്കളും ധാരാളം ധനവും തന്റെ സഹോദരന്മാർ കൈവശം കൊടുത്തുവിടുന്ന ജോസഫ്, തന്റെ ഇളയ അനുജൻ, ബഞ്ചമിന് മറ്റു സഹോദരങ്ങൾക്ക് ഉള്ളതിനേക്കാൾ സ്വത്തും ധനവും നൽകുന്നു. പണ്ടു തന്നെ ചതിയിൽ പൊട്ടക്കിണറ്റിൽ തള്ളിയിട്ടതുപോലെ ഇവർ സ്വത്തുക്കൾ കൈവശപ്പെടുത്താൻ പരസ്പരം വഴക്കിടുമോ എന്നു ഭയന്നിട്ടാകാം ജോസഫ് അവരെ ഇങ്ങനെ ഉപദേശിച്ചു വിട്ടത്.

പത്രം തുറന്നാൽ നമുക്കിന്നു വായിക്കാൻ കഴിയുക കൊലപാതകങ്ങളെയും വഴക്കുകളെയും പറ്റി മാത്രം. ഇരുപതിനും മുപ്പതിനും ഇടയ്ക്കുള്ളവരാണ് ഇതിലെ പ്രതികളിലധികവും. ധനത്തിനും മദിരാക്ഷിക്കും വേണ്ടി എന്തും ചെയ്യാൻ മടിക്കാത്ത ഒരു തലമുറ ഇന്നു വളർന്നുകൊണ്ടിരിക്കുന്നു. വിശ്വാസമൂല്യങ്ങൾ തകരുന്നു.

എന്തും വെട്ടിപ്പിടിച്ചു സ്വന്തമാക്കാനുള്ള ഒരു ത്വര ഇന്നു യുവമനസുകളിൽ കടന്നുകൂടിയിട്ടുണ്ട്. അതിന് എന്തു മാർഗവും അവർ സ്വീകരിക്കുന്നു. പങ്കുവയ്പിന്റെ ഒരു സംസ്കാരം ഇന്ന് അന്യമായി തീർന്നിരിക്കുന്നു. “എന്തുവന്നാലുമെനിക്കാസ്വദിക്കണം, മുന്തിരിച്ചാറു




പോലീ ജീവിതം". ധാരാളം സ്വത്തും പണവും കയ്യിൽ വരുമ്പോൾ എന്തു ചെയ്യണമെന്നറിയാതെ അവർ കുഴങ്ങുന്നു. തോബിത്ത് തന്റെ മകൻ തോബിയാസിനു നൽകുന്ന നിർദ്ദേശങ്ങൾ ഹൃദിസ്ഥമാക്കേണ്ടതാണ്: "മകനേ, സമ്പത്തേറുമ്പോൾ അതനുസരിച്ച് ദാനം ചെയ്യാൻ മടിക്കരുത്... നിനക്ക് അർഹമായത് അപരനോടും ചെയ്യരുത്. മദ്യപിക്കരുത്. ഉന്മത്തത ശീലമാക്കരുത്. വിശക്കുന്നവനുമായി നിന്റെ അപ്പം പങ്കിടുക..." (തോബിത് 4).

എത്ര കിട്ടിയാലും മതിയാകാത്ത ഒരു ലോകമാണിത്. നിനക്കുള്ളതെല്ലാം പങ്കുവയ്ക്കണമെന്നു പറഞ്ഞപ്പോൾ ധനികനായ യുവാവ് സങ്കടത്തോടെ തിരിച്ചുപോയി. "നിങ്ങളിൽ രണ്ടുടുപ്പുള്ളവൻ ഒന്ന് ഇല്ലാത്തവന് കൊടുക്കട്ടെ. ഭക്ഷണമുള്ളവനും അങ്ങനെ തന്നെ ചെയ്യട്ടെ". സ്നാപക യോഹന്നാന്റെ ഈ വാക്കുകൾ കേട്ടു പലരും മടങ്ങിപ്പോയിരിക്കണം.

ഒരിടത്ത് പിശുക്കനായ ഒരു ധനികനുണ്ടായിരുന്നു. അയാൾ തന്റെ സ്വർണമെല്ലാം ഉരുക്കി ഒന്നാക്കി തന്റെ പുരയിടത്തിൽ കുഴിച്ചിട്ടു. എല്ലാ ദിവസവും അയാൾ ഈ സ്ഥലം സന്ദർശിക്കും. ഇതു മനസിലാക്കിയ ഭൃത്യൻ സ്വർണം മോഷ്ടിച്ച് കടന്നുകളഞ്ഞു. ധനവാൻ ദുഃഖിതനായി. അയാൾ തന്റെ സുഹൃത്തിനോട് ഇക്കാര്യം പറഞ്ഞു. ഇതിൽ താൻ ദുഃഖിക്കേണ്ട സ്വർണം കുഴിച്ചിട്ടിടത്ത് ഒരു ഇഷ്ടിക വയ്ക്കുക. പതിവുപോലെ ആ സ്ഥലം സന്ദർശിക്കുക. അത് അവിടെ ഉണ്ടായിരുന്നപ്പോഴും നിനക്കു വലിയ പ്രയോജനമൊന്നും ഉണ്ടായില്ലല്ലോ. പങ്കുവയ്ക്കാത്ത ധനവും ഇതുപോലെ തന്നെ.

"സൂര്യനു കീഴെ ഞാൻ വലിയൊരു തിന്മ കണ്ടു. ധനികൻ തന്റെതന്നെ നാശത്തിനു മുതൽ സൂക്ഷിക്കുന്നു. ഒരു സാഹസയത്നത്തിൽ അതു നഷ്ടപ്പെടുന്നു" (സഭാപ്രസംഗകൻ 5:13).

## ഉയിർപ്പുകാലം

ഈശോയുടെ ഉയിർപ്പുതിരുനാളിനുശേഷം വരുന്ന ഏഴ് ആഴ്ചകളാണ് ഉയിർപ്പുകാലം. ഈശോയുടെ ഉത്ഥാനം, പാപത്തിന്റെയും മരണത്തിന്റെയുംമേലുള്ള അവിടുത്തെ വിജയം, പുതുജീവൻ എന്നിവ ഈ ആരാധനാവത്സര കാലഘട്ടത്തിൽ ധ്യാനവിഷയമാക്കുന്നു. ഈശോയുടെ ഉത്ഥാനമാണ് രക്ഷാകരചരിത്രത്തിന്റെ കേന്ദ്രബിന്ദു. പഴയനിയമചരിത്രം ഇതിനെ കേന്ദ്രീകരിച്ചു നീങ്ങുകയും പുതിയനിയമം ഇതിൽ നിന്നും ഉത്ഭവിക്കുകയും ചെയ്യുന്നു.

മിശിഹായുടെ ഉത്ഥാനം ഒരു പുതിയ സൃഷ്ടിക്ക് ആരംഭം കുറിച്ചു (ഗലാ 6,15; എഫേ 2,15-16). ഇവിടെ ഒരു പുതിയ ജീവിതം ഉടലെടുക്കുന്നു. ഈ ജീവനിലുള്ള ഭാഗഭാഗിത്വം മാമ്മോദീസായിലൂടെ നമുക്കു ലഭിച്ചിട്ടുണ്ട്. ധാർമ്മികമായി തെറ്റുകുറ്റങ്ങളില്ലാത്ത ഒരു ജീവിതം കൊണ്ടു മാത്രം തൃപ്തിയടയുന്ന ഒന്നല്ല ഈ പുതുജീവൻ. മാമ്മോദീസായിൽ ആരംഭിച്ച് മിശിഹായിൽ ഒന്നായിത്തീരുന്ന ഒരു യാഥാർത്ഥ്യമാണിത് ▸▸



മുറ്റത്തെ മാവിന്റെ കൊമ്പിലിരുന്ന്
കൂ - കൂ - പാടുന്നതാരാണ്
കാക്കയെപ്പോലെകറുപ്പാണ്
കേൾക്കാൻ നല്ലൊരു പാട്ടാണ്
കാക്കയുടെ ശബ്ദത്തിനിമ്പമില്ല
കുയിലിന്റെ ശബ്ദത്തിനെന്തുഭംഗി
നമ്മുടെ നാവു നന്നായിരുന്നാൽ
നമ്മളെ എല്ലാർക്കും ഇഷ്ടമാകും.



**സ്നിഗ്ധ കറുകയിൽ**

(പദപ്രശ്നം പൂരിപ്പിക്കുന്നതിനുമുമ്പ് സുവിശേഷങ്ങളിലെ ഈശോയുടെ ഉത്ഥാനവിവരണങ്ങൾ ശ്രദ്ധയോടെ വായിക്കണേ...)

| | | | | | | |
|---|---|---|---|---|---|---|
| 1 | ■ | 2 | 3 | 4 | | |
| | 5 | | | | ■ | ■ |
| ■ | ■ | | | 6 | | |
| 7 | | 8 | | | 9 | ■ |
| ■ | 10 | | ■ | | | ■ |
| 11 | | | | | | ■ |

**വലത്തോട്ട്**

4. കാനാ എവിടെയുള്ള സ്ഥലമാണ്? (3 അക്ഷരം)
5. ഉത്ഥാനത്തിനുശേഷം ഈശോയുടെ കല്ലറയിൽ ആദ്യം പ്രവേശിച്ച ശിഷ്യൻ? (4 അക്ഷരം)
6. വി. മർക്കോസിന്റെ സുവിശേഷപ്രകാരം ഈശോയെ അഭിഷേകം ചെയ്യാൻ സുഗന്ധദ്രവ്യങ്ങളും വാങ്ങി പോയവരിൽ മഗ്ദലേനമറിയത്തിന്റെയും യാക്കോബിന്റെ അമ്മയായ മറിയത്തിന്റെയും കൂടെ ഉണ്ടായിരുന്നത് ആരാണ്? (3 അക്ഷരം)
7. തോമസിന്റെ മറ്റൊരു പേര്? (4 അക്ഷരം)
11. നിരാശരായി മീൻപിടിക്കാൻ പോയ ശിഷ്യന്മാർക്ക് ഈശോ പ്രത്യക്ഷപ്പെട്ടപ്പോൾ അവർ കരയിൽനിന്ന് ഏകദേശം എത്ര മുഴം അകലെയായിരുന്നു? (4 അക്ഷരം)

**താഴോട്ട്**

1. നഥാനിയേലിന്റെ സ്വദേശം? (2 അക്ഷരം)
2. ഉത്ഥിതനായ ഈശോ ശിഷ്യന്മാർക്കു ആദ്യം പ്രത്യക്ഷപ്പെട്ടപ്പോൾ അവരോടുകൂടെ ഇല്ലാതിരുന്ന ശിഷ്യൻ? (3 അക്ഷരം)
3. എമ്മാവൂസിലേക്കു പോയ ശിഷ്യന്മാരിൽ ഒരുവന്റെ പേര്? (4 അക്ഷരം)
6. ഉത്ഥിതനായ ഈശോ ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ടപ്പോൾ എന്താണ് ആശംസിച്ചത്? (4 അക്ഷരം)
8. ഈശോയെപ്പറ്റി വി. ലിഖിതങ്ങളിൽ എഴുതിയിരുന്ന പ്രവാചകന്മാരിൽ ആദ്യത്തെയാൾ? (2 അക്ഷരം)
9. വി. ലൂക്കായുടെ സുവിശേഷപ്രകാരം ഈശോയുടെ ഉത്ഥാനവാർത്ത ശ്ലീഹന്മാരോടു പറഞ്ഞ മഗ്ദലനമറിയത്തിന്റെയും യാക്കോബിന്റെ അമ്മയായ മറിയത്തിന്റെയും കൂടെ ഉണ്ടായിരുന്ന സ്ത്രീ ആരാണ്? (3 അക്ഷരം)
10. റബ്ബോനി എന്ന ഹെബ്രായവാക്കിന്റെ അർത്ഥം? (2 അക്ഷരം)




**അയയ്ക്കേണ്ട വിലാസം:**
പ്രതീക്ഷയുടെ പൂമൊട്ടുകൾ
സ്പിരിച്ച്വാലിറ്റി സെന്റർ
മാങ്ങാനം പി. ഒ., കോട്ടയം 686 018

**കഴിഞ്ഞ ലക്കത്തിലെ വിജയി:**
**ജെസ്നാ കെ. ജോസ്**
**ഡാപൊടി, പൂനാ**

15 വയസ്സുവരെയുള്ള കൂട്ടുകാർക്കാണ് ഈ മത്സരം. ഉത്തരങ്ങൾ ഏപ്രിൽ 30 നു മുമ്പായി ലഭിക്കത്തക്കവിധത്തിൽ അയയ്ക്കുമല്ലോ



# പകരം വയ്ക്കാനില്ലാത്ത സ്നേഹം

**വത്സമ്മ മുളവന**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

എട്ടുവയസ്സുകാരൻ അപ്പു ഒരു മൂലയിൽ ഒതുങ്ങിക്കൂടിയിരുന്ന് എന്തൊക്കെയോ കുത്തിക്കുറിക്കുകയാണ്. ഇടയ്ക്കിടെ അവൻ ഒളിക്കണ്ണിട്ട് അമ്മയെ നോക്കും.

ഒരു മണിക്കൂറു നേരത്തെ നീണ്ട ആലോചനയ്ക്കും കുത്തിക്കുറിപ്പിനും ശേഷം, അടുക്കളയിൽ ധൃതികൂട്ടി ജോലി ചെയ്തിരുന്ന അമ്മയെ സമീപിച്ച് ഒരു പേപ്പർകഷണം നീട്ടി. എന്നിട്ട് ഒന്നുംമിണ്ടാതെ കൈയുംകെട്ടി നിന്നു മറുപടിക്കുവേണ്ടി. അമ്മ മകൻ നീട്ടിയ പേപ്പർ വേഗത്തിൽ വായിച്ചു. അതിൽ നിറയെ കണക്കുകകളായിരുന്നു. അമ്മ അവനു കൊടുക്കേണ്ട കാശിന്റെ കണക്ക്

| | |
|---|---|
| കടയിൽ 3 തവണ പോയതിന് | 3X5 = 15 |
| കുഞ്ഞനുജനെ 2 മണിക്കൂർ നോക്കിയതിന് | 2X5 = 10 |
| ആശുപത്രിയിൽ അമ്മയ്ക്കു കൂട്ടുപോയതിന് | 20 |
| അനുജനു മിഠായി വാങ്ങി കൊടുത്തതിന് | 10 |
| പച്ചക്കറി അരിഞ്ഞതിന് | 10 |

അങ്ങനെ അവന്റെ കണക്കുകൾ നീണ്ടുപോയി. കണക്കിന്റെ അവസാനം അവനെഴുതി. ആകെ 108 രൂപാ. അമ്മ ആയതുകൊണ്ട് 100 രൂപാ തന്നാൽ മതി. 8 രൂപാ ഡിസകൗണ്ട്. അമ്മ ഒന്നും മിണ്ടിയില്ല. തന്റെ തിരക്കുകൾ മാറ്റിവച്ച് മകൻ നല്കിയ കടലാസിന്റെ മറുപുറത്ത് അമ്മയും കുറച്ചു കണക്കെഴുതി. മകൻ അമ്മയ്ക്കു നൽകേണ്ട തുകയായിരുന്നു അത്.

| | |
|---|---|
| നിന്നെ 9 മാസം വയറ്റിൽ ചുമന്നതിന്റെ വാടക | – 0 |
| നിന്റെ ശരീരത്തിലെ അഴുക്ക് 5000 പ്രാവശ്യം കഴുകിയതിന്റെ കൂലി | – 0 |
| 300 തവണ മൂക്കൊലിപ്പു തുടച്ചതിന് | – 0 |
| പനിപിടിച്ചു കിടന്ന 50 രാത്രി ഉറക്കമിളച്ചതിന് | – 0 |
| ആഹാരം പാകം ചെയ്ത് വിളമ്പിത്തന്നതിന് | – 0 |
| നീ കഴിച്ച പാത്രങ്ങൾ കഴുകിയതിന് | –0 |
| കളിപ്പാട്ടങ്ങൾ, വസ്ത്രങ്ങൾ ഇവ വാങ്ങിത്തന്നതിന് | – 0 |

അമ്മയുടെ ലിസ്റ്റ് അല്പം നീണ്ടതായിരുന്നു. പക്ഷേ അവസാനം ആകെ തുകയായി കാണിച്ചത് 0 ആണ്. പൂജ്യത്തിനു ഡിസ്കൗണ്ടില്ലാത്തതിനാൽ ഡിസ്കൗണ്ട് 0. അപ്പു ഒട്ടും പ്രതീക്ഷിക്കാത്ത കണക്കായിരുന്നു അത്. അവന്റെ കുഞ്ഞിക്കണ്ണുകൾ നിറഞ്ഞൊഴുകി. അമ്മയുടെ സ്നേഹത്തിനു പകരംവയ്ക്കാൻ ഒതു തുകയും മതിയാവില്ലെന്നു മനസ്സിലായതുകൊണ്ടാവാം അവൻ അമ്മയെ കെട്ടിപ്പിടിച്ചത്.
(കടപ്പാട്, നിബിൻ കൊച്ചുവീട്ടിൽ എഴുതിയ 'സ്നേഹിക്കാൻ പഠിപ്പിക്കുന്ന കഥകൾ')

*ഒരു നല്ല – യഥാർത്ഥ 'അമ്മ'യുടെ സ്നേഹം കിട്ടുന്നതു നോക്കാതെ കൊടുക്കുന്നതിൽ ആനന്ദം കണ്ടെത്തുന്നു. എല്ലാം കൊടുക്കുന്ന, എപ്പോഴും ക്ഷമിക്കുന്ന, കാത്തിരിക്കുന്ന, കരുതുന്ന, അലിവുള്ള, മടുക്കാത്ത, പരാതിയില്ലാതെ സഹിക്കുന്ന – സ്നേഹത്തിന്റെ ഉടമയാണ് അമ്മ.*

**"ഞാൻ നേടിയ രാജ്യങ്ങളോ ഭീമമായ സമ്പത്തോ പ്രതാപമോ ഒക്കെക്കൂടി എന്റെ അമ്മയ്ക്കു പ്രതിഫലമായി കൊടുത്താലും അമ്മ പത്തുമാസം എന്നെ ഗർഭം ചുമന്നതിന്റെ ചുമട്ടുകൂലിക്കു തികയുകയില്ല"** (അലക്സാണ്ടർ ചക്രവർത്തി)







# The Youth of Yesterday, To-day and Tomorrow

**Mrs. Ammini Joseph**
Koothattukulam

Among the different stages of life, youth is the most crucial stage. During this period, the human being is very active and becomes self reliant. They become very conscious of their physical and mental strength. They become very challenging and exploring and are ready to take any risk, even putting their life to danger. During this stage, their outlook changes, their attitude varies and their needs differ. They feel that they are capable of facing any situation and have an over estimation of their ability. These characteristics are common for all youth.

But, the youth of yesterday was different in many ways. They were not similar in behavior compared to the youth of to-day and tomorrow. The youth of older days were more attached to their family and were more dependent on their parents. Besides, they were more caring and affectionate. But to-days youth has become more selfish and self-centered. They don't believe in give and take policy. They are the supporters of consumerism. "Use and Throw" is their policy. They are of more demanding in nature. When their needs are met, they ignore their parents even.

To – days youth is brought up in a nuclear family and most of them in luxury. So, they are not in a position to understand the problems and needs of their fellow beings. Most of time, they wish to stay with their pals and show more

loyalty towards them. They keep a distance from their parents and other relatives; even at home they like to be alone and do not want to be disturbed. They depend more on internet, T.V and other modern media to interact. They like to have everything at their beck and call.


The youth of tomorrow will be entirely different from the youth of to-day. They take control over the situation wherever they are. They show very strong leadership quality, they don't like to be corrected. They believe that they are always right and others are wrong. A main trend among them is that they lack respect for elders. Those who can afford, ride bikes recklessly, even breaking traffic rules. They develop a crave for junk foods and fast foods. They wish to collect money by hook or crook and spend it lavishly. They try to reach the top most positions by adopting short cuts. They adopt any illegal method to increase their financial strength. It will be difficult to put control over them.

What is our role? As parents, school authorities, social workers etc, we have our role to guide them, to correct them and bring them to the right track. At school level counselling will do a lot to improve the situation. At home, the parents should be the role model for their children. Do not allow them luxuries beyond limit. A family prayer is a must. Parents must know their children's friends. In this way they can make sure that their wards are in safe hands.

Timely correction by the elders is a must. If all of us join wholeheartedly in the long run, we can build up a strong and healthy India.


### ഉയിർപ്പുകാലം

കുരിശും ഉത്ഥാനവും തമ്മിലുള്ള ബന്ധം ചിന്തയ്ക്ക് വിഷയമാക്കാനും മിശിഹായുടെ ഉത്ഥാനം നമ്മുടെ ഉത്ഥാനത്തിന്റെ അടിസ്ഥാനമാണെന്ന് മനസ്സിലാക്കാനും ഭാവി മഹത്ത്വത്തിലുള്ള പ്രത്യാശ വർദ്ധിപ്പിക്കുവാനും ഉയിർപ്പുകാലം നമ്മെ സഹായിക്കുന്നു. മിശിഹാ നമുക്കു നല്കിയ പുതുജീവിതത്തിലുള്ള സന്തോഷമാണ് ഉയിർപ്പുകാലത്തിൽ തെളിഞ്ഞുനില്ക്കേണ്ടത്. ലോകത്തിന് ഒരിക്കലും പ്രദാനംചെയ്യാൻ സാധിക്കാത്ത ഈ സന്തോഷമാണ് ക്രിസ്ത്യാനിയുടെ യഥാർത്ഥ സന്തോഷം.






മനുഷ്യകുലവുമായുള്ള ദൈവത്തിന്റെ സംസാരം-10



# സഭയിലൂടെയുള്ള ദൈവത്തിന്റെ സംഭാഷണം

**റോസമ്മ കുന്നേൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

സഭയിലൂടെയുള്ള ദൈവത്തിന്റെ സംഭാഷണം ഈശോ അധികാരപ്പെടുത്തിയതാണ്: "നിങ്ങളുടെ വാക്ക് കേൾക്കുന്നവൻ എന്റെ വാക്കു കേൾക്കുന്നു; നിങ്ങളെ നിരസിക്കുന്നവൻ എന്നെ നിരസിക്കുന്നു. എന്നെ നിരസിക്കുന്നവനോ എന്നെ അയച്ചവനെ നിരസിക്കുന്നു" (ലൂക്കാ 10,16). സഭാധികാരികൾ ഈശോയുടെയും ദൈവത്തിന്റെയും പ്രതിനിധികളാണ്. ദൈവം ഈശോയിലൂടെ ഉറപ്പേറിയ പാറമേൽ തന്റെ സഭയെ സ്ഥാപിച്ചു: "ഞാൻ നിന്നോടു പറയുന്നു: നീ പത്രോസാണ്. ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും. നരകകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല. സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ ഞാൻ നിനക്കു തരും. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും" (മത്താ 16,18-19).

ആദിയിൽ ദൈവം തന്റെ തെരഞ്ഞെടുക്കപ്പെട്ടവരോട് നേരിട്ടു സംഭാഷിച്ചിരുന്നു. പിന്നെ ദൈവത്താൽ നിവേശിതരായ പ്രവാചകരിലൂടെ സംസാരിച്ചിരുന്നു. പിന്നീട് ഈശോയിലൂടെ സംസാരിച്ച ദൈവം ഇപ്പോൾ പരിശുദ്ധാത്മാവിലൂടെ സഭയിൽ തന്റെ സംസാരം തുടരുകയാണ്. സഭാധികാരികളിലൂടെ -ഹയരാർക്കിയിലൂടെ- നമ്മോടു സംസാരിക്കുന്നത് ദൈവമാണ്. സഭയിലൂടെ പലവിധത്തിൽ അവിടുന്ന് നമ്മോടു സംസാരിക്കുന്നുണ്ട്. സഭയിലുണ്ടായിട്ടുള്ള സൂനഹദോസുകളെല്ലാം ദൈവത്തിന്റെ സ്വരമാണ്. അവസാനം നടത്തപ്പെട്ട രണ്ടാം വത്തിക്കാൻ സാർവ്വത്രിക സൂനഹദോസിലൂടെ അളവറ്റ കൃപയാണ് അവിടുന്ന് ചൊരിഞ്ഞത്. പരിശുദ്ധാത്മാവിന്റെ തീരുമാനങ്ങളാണ് സൂനഹദോസുകളിലൂടെ വെളിവാക്കപ്പെടുന്നത്. സഭയിലൂടെ വെളിപ്പെടുത്തുന്ന ദൈവത്തിന്റെ ചിന്തകളെ അറിയുവാൻ നാം ശ്രമിക്കണം. അതിനായി സഭാധികാരികളുടെ ചിന്തകളെ സ്വീകരിക്കുന്നതിനുള്ള വിധേയത്വവും അത് അനുധാവനം ചെയ്യുന്നതിനുള്ള മനസ്സും ആവശ്യമാണ്.

സഭയിലുള്ള ദൈവത്തിന്റെ മറ്റൊരു സംഭാഷണമാണ് ലിറ്റർജിയിലൂടെയുള്ള സംഭാ

ഷണം. ലിറ്റർജി ഒരു സമൂഹപ്രാർത്ഥനയാണ്; തന്റെ മൗതികശരീരമായ സഭയോടൊത്തുള്ള ഈശോയുടെ പ്രാർത്ഥനയാണ് - നാം എല്ലാവരും ഒന്നിച്ച് ഈശോയിൽ ഈശോയിലൂടെ നടത്തുന്ന ഈശോയുടെ പ്രാർത്ഥന. ലിറ്റർജിയിൽ ഈശോയാണ് പ്രാർത്ഥിക്കുന്നത്. അവിടുന്ന് സ്വർഗ്ഗത്തിലും തന്റെ പ്രാർത്ഥന തുടരുകയാണ്. ലിറ്റർജിക്കൽ പ്രാർത്ഥനകൾ ഒരു അധികപറ്റല്ല. സഭയോടു ചേർന്നു പ്രാർത്ഥിക്കാനുള്ള കടമ നമുക്കുണ്ട്. പരി.കുർബാനയർപ്പണം, യാമപ്രാർത്ഥനകൾ, കൂദാശകളുടെ പരികർമ്മം തുടങ്ങിയവയാണ് സഭയുടെ ലിറ്റർജി പ്രാർത്ഥനകൾ.

ഈ ലിറ്റർജിക്കൽ പ്രാർത്ഥനയിലൂടെ ദൈവം നമ്മോടും ദൈവത്തോടു നാമും സംഭാഷിക്കുന്നു. ലിറ്റർജിയിൽ നാം ദൈവത്തോട് സഭയുടെ വാക്കുകളിലൂടെ, അതായത് ഈശോയുടെതന്നെ വാക്കുകളിലൂടെയാണ് സംസാരിക്കുന്നത്. ലിറ്റർജിക്കൽ പ്രാർത്ഥനയിൽ സ്വർഗ്ഗവും ഭൂമിയും മുഴുവനും പങ്കുചേരുന്നു. ലിറ്റർജിയിലൂടെയുള്ള ദൈവ-മനുഷ്യ സംഭാഷണത്തിന്റെയും ലിറ്റർജിയിലുള്ള നമ്മുടെ പങ്കുചേരലിന്റെയും പ്രാധാന്യം നാം കണക്കിലെടുക്കണം. ലിറ്റർജിക്ക് അതിന്റേതായ ഭാഷാശൈലിയും രീതിയുമുണ്ട്. അതു നാം അറിയണം.

ലിറ്റർജിക്ക് ഒരു പ്രബോധനാത്മകശൈലിയുണ്ട്. ദൈവം ലിറ്റർജിയിലൂടെ നമ്മെ അതിസ്വാഭാവികയാഥാർത്ഥ്യങ്ങളെക്കുറിച്ച് പഠിപ്പിക്കുന്നു. നമ്മുടെ സഭയിലെ ആരാധനക്രമകാലങ്ങളിലെ പ്രാർത്ഥനകൾ പരിശോധിച്ചാൽ ഇത് മനസ്സിലാക്കാം. ഉദാഹരണത്തിന്, മംഗളവാർത്താക്കാലത്തെ പ്രാർത്ഥനകൾ മനുഷ്യാവതാര യാഥാർത്ഥ്യത്തെയും വിശുദ്ധവാരത്തിലെ പ്രാർത്ഥനകളെല്ലാം ഈശോയുടെ പീഡാനുഭവത്തെക്കുറിച്ചുമാണ് നമ്മെ പഠിപ്പിക്കുന്നത്. അങ്ങനെ ആരാധനക്രമകാലങ്ങൾ ആണ്ടുവട്ടം മുഴുവനും ഈശോയുടെ ചുവടടികളിലൂടെയും ചിന്തയിലൂടെയും ജീവിക്കാൻ നമ്മെ സഹായിക്കുന്നു. മാത്രമല്ല, ഓരോ കാലത്തെ പ്രാർത്ഥനയും അതാതു കാലത്ത് അനുസ്മരിക്കുന്ന ഈശോയുടെ ജീവിതത്തിന്റെ സവിശേഷതയെ അനുധാവനം ചെയ്യുന്നതിനുള്ള പ്രത്യേക കൃപാവരം നമുക്കു നല്കുകയും ചെയ്യുന്നു. അങ്ങനെ സാവകാശം ഈശോയിലുള്ള രൂപാന്തരപ്പെടലിന് ലിറ്റർജിക്കൽ പ്രാർത്ഥന നമ്മെ അർഹരാക്കുന്നു.

ദൈവത്തിന്റെ ആയിരമായിരം ശബ്ദങ്ങളുടെ ഒരു ഗായകസംഘമാണ് സഭയെന്നു പറയാം. ദൈവം നമുക്കു നല്കിയ വലിയ ദാനങ്ങളിലൊന്ന് നമ്മെ സഭയുടെ മക്കളാക്കിത്തീർത്തു എന്നതാണ്. അതുകൊണ്ട് സഭയെ ആഴത്തിൽ മനസ്സിലാക്കുന്നതിനും ആത്മാർത്ഥമായി സ്നേഹിക്കുന്നതിനും ഞങ്ങളെ പ്രാപ്തരാക്കണമെന്ന് കർത്താവിനോട് നമുക്ക് അപേക്ഷിക്കാം.

### ഉയിർപ്പുകാലം

ഉലയിൽവച്ച് ചൂടാക്കുന്ന ഇരുമ്പുകഷണം അവസാനം തീയും ഇരുമ്പും തമ്മിൽ തിരിച്ചറിയാൻ പാടില്ലാത്ത വണ്ണം ഒന്നായിത്തീരുന്നതുപോലെ, നമ്മുടെ ലൗകികജീവിതത്തെ മിശിഹായാകുന്ന അഗ്നിയിൽ വിശുദ്ധീകരിച്ച് മിശിഹായിൽ ഒന്നായിത്തീർക്കണം. ഇതു സാധിച്ചെടുത്തവരാണ് വിശുദ്ധന്മാർ. അതുകൊണ്ടുതന്നെ ഉയിർപ്പുകാലത്തിലെ ആദ്യത്തെ വെള്ളിയാഴ്ചയാണ് പൗരസ്ത്യ സുറിയാനിസഭയിൽ സകല വിശുദ്ധരുടെയും ഓർമ്മ അനുസ്മരിക്കുന്നത്. രണ്ടാമത്തെ ഞായറാഴ്ചയായ പുതുഞായറാഴ്ച നമ്മുടെ വിശ്വാസത്തിന്റെ പിതാവായ മാർത്തോമ്മാശ്ലീഹായെ പ്രത്യേകം അനുസ്മരിക്കുന്നു.




കുടുംബവേദി




# കെട്ടണം അഥവാ ബന്ധിക്കണം


**ഫാ. സിറിയക് കോട്ടയിൽ**
ഫാമിലി അപ്പോസ്റ്റലേറ്റ്, ചങ്ങനാശ്ശേരി


സൗമ്യ എന്നാണവളുടെ പേര്. ഏകമകളാണ്. മാതാപിതാക്കൾ സാജനും ലിസമ്മയും. സൗമ്യ തന്റെ അഞ്ചാമത്തെ വയസ്സുമുതൽ വളർന്നതും പഠിച്ചതും അവൾ അച്ചമ്മ എന്നു വിളിക്കുന്ന സാജന്റെ അമ്മയോടും വല്യച്ചൻ എന്നു വിളിക്കുന്ന അയാളുടെ അപ്പനോടുമൊപ്പമാണ്. സാജനും ലിസമ്മയും പരസ്പരം പിണങ്ങിയതും രണ്ടായി പിരിഞ്ഞതും സൗമ്യക്ക് അഞ്ചു വയസുള്ളപ്പോഴാണ്. ഇപ്പോഴും അവർ ഇരുതട്ടുകളിൽതന്നെയാണ്. എന്നുമാത്രമല്ല നിയമപരമായി പിരിയാനുള്ള തയ്യാറെടുപ്പിലുമാണ്. പലരും അവരെ ഉപദേശിച്ചുനോക്കി. ഏകമകൾ സൗമ്യയെ കരുതി വിട്ടുവീഴ്ച ചെയ്യാനും, പരസ്പരം പൊറുക്കാനും എല്ലാം മറക്കാനും പറഞ്ഞുനോക്കി. അപ്രകാരം ഉപദേശിച്ചവരൊക്കെ അവരുടെ മുമ്പിൽ കുഴപ്പക്കാരായെന്നല്ലാതെ അതുകൊണ്ടൊന്നും അവർക്കിരുവർക്കും ഒരു കുലുക്കവുമുണ്ടായില്ല. ഇരുവരും തങ്ങളുടെ തീരുമാനത്തിൽ പാറകണക്കെ ഉറച്ചുതന്നെ ഇപ്പോഴും നിൽക്കുന്നു.

സൗമ്യ വലിയ കുട്ടിയായി. ഇപ്പോൾ അവൾ പഠിക്കുന്നത് ഏഴാം ക്ലാസിലാണ്. പഠനത്തിൽ മാത്രമല്ല പാഠ്യേതരവിഷയങ്ങളിലും അവൾ മിടുക്കിയാണ്. അധ്യാപകർക്കൊക്കെ അവളെ വലിയ ഇഷ്ടമാണ്. കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും അവൾ തന്റെ അച്ചമ്മയോടും വല്യച്ചനോടും ഇടയ്ക്കൊക്കെ വലിയ വിഷമത്തോടെ ചോദിക്കും തന്നെ മറക്കാൻ മാത്രം തന്റെ പപ്പയോടും മമ്മിയോടും താൻ എന്ത് തെറ്റാണ് ചെയ്തതെന്ന്. തെറ്റു ചെയ്തത് സൗമ്യയോ മറ്റാരെങ്കിലുമോ അല്ല, അവളുടെ മാതാപിതാക്കളായ

സാജനും ലിസമ്മയുമാണ്. ലിസമ്മക്ക് ഇഷ്ടമില്ലാതിരുന്ന വിവാഹമായിരുന്നു അത്. അന്ന് സാജൻ കൽക്കട്ടയിലും ലിസമ്മ നഴ്സായി സൗദിയിലും ജോലി ചെയ്യുന്ന കാലമാണ്. ബി. എ ക്കാരനും പ്രൈവറ്റ് കമ്പനിയിലെ ജോലിക്കാരനുമായ സാജനെ ലിസമ്മക്ക് ഇഷ്ടമായെങ്കിലും നഴ്സായ അവളുടെ പ്രതീക്ഷക്കനുസരിച്ച് നിലവാരമുള്ള ജോലിയായിരുന്നില്ല സാജന്റേത്. പല ആലോചനകളും അതിനുമുമ്പ് ലിസമ്മക്കു വന്നെങ്കിലും പലവിധ കാരണങ്ങളാൽ അതൊക്കെ നടക്കാതെ പോയതിനാലും അവളുടെ അവധി തീരും മുമ്പ് കല്യാണം നടക്കണമെന്ന് മാതാപിതാക്കളും അവളും ആഗ്രഹിച്ചിരുന്നതിനാലും പൂർണ്ണമനസോടെയല്ലാതെ സാജനുമായുള്ള ആ വിവാഹം അന്ന് നടത്തുകയായിരുന്നു. വിവാഹം നടന്നെങ്കിലും ഇരുവരും തമ്മിലുള്ള ബന്ധത്തിൽ കല്ലുകടി ഉണ്ടാകാൻ ഇരുവർക്കും അധികം മുമ്പോട്ട് പോകേണ്ടിവന്നില്ല. മനസില്ലാമനസോടെ തന്നെ വിവാഹം ചെയ്ത തന്റെ ഭാര്യ തന്നെ ചതിക്കുകയായിരുന്നെന്നും കല്യാണത്തിന് തൊട്ടുതലേന്നെങ്കിലും യാഥാർത്ഥ്യം തന്നോട് പറഞ്ഞിരുന്നെങ്കിൽ താൻ ആ ബന്ധത്തിൽനിന്നും പിൻമാറുമായിരുന്നെന്നും സാജൻ പറഞ്ഞു. ഏതായാലും ഇരുവരും വലിയ മാനസിക അകൽച്ചയിലും ശത്രുതയിലുമാണിപ്പോൾ. കല്യാണത്തിലൂടെ പരസ്പരം 'കെട്ടുന്നവരാണ്' ഭാര്യാഭർത്താക്കന്മാർ. അങ്ങനെ ഒരു ശരീരമായിത്തീരാൻ അന്യോന്യം ബന്ധിക്കുന്ന (കെട്ടുന്ന) അവരുടെ മനഃപ്പൊരുത്തം ഇരുവരെയും സംബന്ധിച്ചുള്ള എല്ലാ കാര്യത്തിലും ആവശ്യമാണ്. വിവാഹം കഴിക്കുന്ന ആളെ ഇഷ്ടപ്പെടുമ്പോൾ ആ ആളിനുള്ള സകലതിനെയും ഇഷ്ടപ്പെടേണ്ടതുണ്ട്. സകലത്തിനോടും പൊരുത്തപ്പെട്ടുപോകേണ്ടതുണ്ട്. അങ്ങനെ പൊരുത്തപ്പെട്ടു പോകേണ്ടിവരുമ്പോൾ ഇരുവരും എല്ലാ കാര്യങ്ങളിലും പൂർണ്ണരാകണമെന്ന് നിർബന്ധമില്ല. പരിമിതികളോടെ പങ്കാളിയെ ഉൾക്കൊള്ളാനും അവയോട് പൊരുത്തപ്പെട്ടുപോകാനും കഴിയുക എന്നതാണ് പ്രധാനം. അതിനാൽതന്നെ ഇരുവരും അന്യോന്യം അറിഞ്ഞും ആ അറിവിന്റെ വെളിച്ചത്തിൽ ഇരുവർക്കുമുള്ള മേൻമകളെയും കുറവുകളെയും അംഗീകരിച്ചും വേണം ഒന്നായിത്തീരാൻ. ഇവിടെ പ്രതീക്ഷയിലെ (സ്വപ്നത്തിലെ) ജീവിതപങ്കാളിയെക്കാൾ യാഥാർത്ഥ്യത്തിലെ പങ്കാളിയെയാണ് ഇരുവരും വരിക്കേണ്ടത് എന്നതും പ്രധാനപ്പെട്ടതാണ്.








# ‘ശരീരത്തിന് ഉയിർപ്പേകുന്നവൻ’

**ലീന അറയ്ക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

*"സകലത്തിന്റെയും നാഥാ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. ഈശോമിശിഹായേ, നിന്നെ ഞങ്ങൾ പുകഴ്ത്തുന്നു. എന്തുകൊണ്ടെന്നാൽ നീ ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു".*

*(ഉത്ഥാനഗീതം)*

**ജാ**തിമത വ്യത്യാസമില്ലാതെ എല്ലാ മനുഷ്യരുടെയും ജീവിതം ലക്ഷ്യംവയ്ക്കുന്നത് ആത്മാക്കളുടെ രക്ഷയാണ് എന്നത് നിസ്തർക്ക സത്യമാണ്. എന്നാൽ ദൈവപുത്രനായ മിശിഹാ ആത്മാക്കളുടെ രക്ഷയോടൊപ്പം ശരീരത്തിന്റെ ഉയിർപ്പും വാഗ്ദാനം ചെയ്യുന്നു. വെറുതേയൊരു വാഗ്ദാനമല്ലിത്. സ്വന്തം മരണോത്ഥാനത്തിലൂടെ ലോകത്തിന് ഉറപ്പേറിയ സാക്ഷ്യം നല്കിയ വാഗ്ദാനം. നശ്വരമായ ശാരീരിക സൗന്ദര്യത്തിനായി നെട്ടോട്ടമോടുന്നവർ ശരീരത്തിന്റെ അനശ്വരമായ ഉയിർപ്പിനായി യത്നിക്കുവാനുള്ള ശക്തമായ ആഹ്വാനമാണ് മിശിഹായുടെ ഉയിർപ്പ്.

ദൈവത്തിന്റെ ഈ മഹനീയ വാഗ്ദാനത്തിന് യോഗ്യരാകുവാൻ നാം ചെയ്യേണ്ടത്:

**ദൈവത്തോട്:** വാഗ്ദാനങ്ങളിൽ വിശ്വസ്തനായ ദൈവത്തിന്റെ "വചനത്തിൽ" - ഈശോമിശിഹായിൽ വിശ്വസിക്കുക. ദൈവവചന വായനയിലൂടെയും വചനധ്യാനത്തിലൂടെയും വചനാധിഷ്ഠിത പ്രാർത്ഥനയിലൂടെയും ദൈവദാനമായ വിശ്വാസം വർദ്ധിപ്പിക്കുക.

**നമ്മോടുതന്നെ:** ശരീരത്തിന്റെ നശ്വരമായ സൗന്ദര്യവർദ്ധനവിനായി പരക്കം പായുമ്പോൾ, ഈ ഭൗമിക സൗന്ദര്യം നഷ്ടപ്പെടാതിരിക്കുവാൻ തത്രപ്പെടുമ്പോൾ, പൊയ്പ്പോകുന്ന സൗന്ദര്യത്തെയോർത്ത് വിലപിക്കുമ്പോൾ ഈ ശരീരത്തിന്റെ ഉയിർപ്പിനായി ഞാനെന്തുചെയ്യുന്നു എന്നു ചിന്തിക്കുക.

**മറ്റുള്ളവരോട്:** സഹോദരങ്ങളുടെ ശാരീരിക സൗന്ദര്യമോ നാനാവിധ കഴിവുകളോ ബുദ്ധി വൈഭവമോ കണക്കിലെടുക്കാതെ അതിനപ്പുറമുള്ള നിത്യം നിലനില്ക്കുന്ന ഉയിർത്തെഴുന്നേല്ക്കുന്ന സഹോദരരെ കാണുക, സ്നേഹിക്കുക, അവരുടെയും ശരീരങ്ങളുടെ ഉയിർപ്പിനായി എനിക്കു സാധിക്കുന്നതെല്ലാം ചെയ്യുക.

**സാഹചര്യങ്ങളോട്:** നമ്മുടെ മനസ്സിനെ ഹഠാദാകർഷിക്കുന്ന മാരിവില്ലിന്റെ ശോഭയും പൂക്കളുടെ ഭംഗിയും മാമല നിരകളുടെ വശ്യതയും കടലിന്റെ ആന്ദോളനവും ആകാശസീമകളുടെ സൗന്ദര്യവും വർണ്ണശബളമായ പച്ചവിരിപ്പുകളും നശ്വരമാണെങ്കിലും, നിത്യം നിലനില്ക്കുന്ന അവയുടെ സൃഷ്ടികർത്താവിലേക്ക് നമ്മെ മാടിവിളിക്കുന്ന ദൈവികശബ്ദമാണെന്ന് തിരിച്ചറിയുക.

വിശുദ്ധരോടൊപ്പം



## ത്യാഗതേജസ്സ്!
## ത്യാഗജ്യോതിസ്സ്!!
## മഹാത്യാഗം!!!

# വി. സെലസ്റ്റിൻ അഞ്ചാമൻ

**ജിജി പുല്ലത്തിൽ**
**അപ്പസ്തോലിക് ഒബ്ളേറ്റ്സ്**

**സ്ഥാ**നത്യാഗത്തിലൂടെ ലോകത്തിനു മുഴുവൻ പ്രിയങ്കരനായ ത്യാഗതേജസ്സായ ഞങ്ങളുടെ സ്വന്തം ബെനഡിക്ട് പതിനാറാമൻ എമെരിറ്റസ് പാപ്പാ... അങ്ങയുടെ മഹാത്യാഗത്തെ ദിനപത്രങ്ങൾ വിശേഷിപ്പിച്ചു: “വിശുദ്ധിയോളം എത്തുന്ന ത്യാഗമാണ് ബെനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ സ്ഥാനത്യാഗം.”

തിരശ്ശീലയുടെ പിന്നിലേക്ക് അങ്ങ് മറയപ്പെടുമ്പോൾ ലോകം മുഴുവൻ അത്ഭുതാദരങ്ങളോടെയാണ് അങ്ങയെ ഉറ്റുനോക്കുന്നത്. ഇഴഞ്ഞും വലിഞ്ഞും, കിടന്നും കിതച്ചും, ജീവിക്കുമ്പോഴും അധികാരം കൈമാറ്റം ചെയ്യപ്പെടാൻ ആരും ഇഷ്ടപ്പെടാത്ത, അധികാരത്തിനുവേണ്ടി കടിപിടി കൂടുന്ന ഈ കാലഘട്ടത്തിൽ അങ്ങയുടെ മഹാത്യാഗം സൂര്യതേജസ്സായി ഞങ്ങളുടെ ജീവിതത്തിൽ പ്രഭ ചൊരിഞ്ഞുകൊണ്ടിരിക്കുകയാണ്. സഭയെ നാഥനു ഭരമേല്പിച്ച അങ്ങ് സ്വന്തമാക്കിയത് നാഥന്റെ ജീവിതം തന്നെയാണ് അല്ലേ... അതുകൊണ്ടല്ലേ അങ്ങു പറഞ്ഞത് ...“എന്റെ പ്രിയ സഹോദരങ്ങളേ, എന്നോടു നിങ്ങൾ കാണിച്ച സ്നേഹത്തിനും എന്റെ ശുശ്രൂഷയ്ക്കു നല്കിയ പിന്തുണയ്ക്കും ഞാൻ ആത്മാർത്ഥമായി നന്ദി പറയുകയും എന്നിൽ നിന്നും വന്ന തെറ്റുകൾക്കു മാപ്പു ചോദിക്കുകയും ചെയ്യുന്നു എന്ന്. ഇപ്പോൾ നമ്മുടെ വലിയ ഇടയനും നാഥനുമായ ഈശോമിശിഹായ്ക്ക് നമ്മെ ഭരമേല്പിക്കുകയും പുതിയ മാർപാപ്പയുടെ തെരഞ്ഞെടുപ്പു സുഗമമായി നടത്താൻ കർദ്ദിനാളന്മാർക്കു സഹായം നൽകണമെന്ന് പരിശുദ്ധ അമ്മയോട് പ്രാർത്ഥിക്കുകയും ചെയ്യാം... എന്നെ സംബന്ധിച്ചു പറയുകയാണെങ്കിൽ പ്രാർത്ഥനയ്ക്കായി സമർപ്പിച്ച ജീവിതത്തിലൂടെ തിരുസ്സഭയെ ഭാവിയിലും ഭക്തിപൂർവ്വം സേവിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.”

പ്രാർത്ഥനയ്ക്കായി സമർപ്പിച്ച ജീവിതത്തിലൂടെ തിരുസ്സഭയെ ഭാവിയിലും ഭക്തിപൂർവ്വം സേവിക്കാൻ ആഗ്രഹിക്കുന്ന അങ്ങയുടെ ജീവിതത്തെ വാർത്താമാധ്യമങ്ങൾ ആയിരങ്ങളിലൂടെയും അഭിമുഖങ്ങളിലൂടെയും വരകളിലൂടെയും വാക്കുകളിലൂടെയും വർണ്ണങ്ങൾ ചാലിച്ച് അവതരിപ്പിച്ചപ്പോൾ അവയിലൊക്കെ നിറഞ്ഞുനിന്നത് വിശുദ്ധിയുടെ സുഗന്ധമായിരുന്നു... വിശുദ്ധിയുടെ വർണ്ണങ്ങളായിരുന്നു... വിശുദ്ധിയുടെ നിറക്കൂട്ടായിരുന്നു...

ആ നിറക്കൂട്ടിലൂടെ നിറകണ്ണുകളോടെ യാത്രചെയ്തപ്പോൾ കണ്ണുടക്കിയത് മറ്റൊരു







മഹാത്യാഗത്തിലായിരുന്നു. അങ്ങേക്കു മുമ്പേ സ്ഥാനത്യാഗം ചെയ്ത അങ്ങയുടെ മുൻഗാമിയായ, കൃത്യമായി പറഞ്ഞാൽ 719 വർഷങ്ങൾക്കു മുമ്പ് മഹാത്യാഗം ചെയ്ത്, ത്യാഗജ്യോതിസ്സായി സഭയിൽ പൊൻപ്രഭ ചൊരിയുന്ന വി. സെലസ്റ്റിൻ അഞ്ചാമൻ മാർപാപ്പ!!!

പത്രത്താളുകളിലൂടെ (ദീപിക 2013 ഫെബ്രുവരി 12) വായിച്ചറിഞ്ഞ അദ്ദേഹത്തിന്റെ വിശുദ്ധ ജീവിതത്തെ ഈ വിശ്വാസവർഷത്തിൽ, ഉയിർപ്പുകാലത്ത് ഞങ്ങളും സ്വന്തമാക്കട്ടെ...

അതെ, പതിമൂന്നാം നൂറ്റാണ്ടിൽ ജീവിച്ച ഒരു വിശുദ്ധ സന്ന്യാസിയായിരുന്നു സെലസ്റ്റിൻ അഞ്ചാമൻ എന്ന പേരിൽ മാർപാപ്പയായത്. 1215 മുതൽ 1296 മെയ് 19 വരെയായിരുന്നു ജീവിതകാലം. പിയെത്രോ ആൻജലേറിയോ എന്ന ഈ സന്ന്യാസിയെ 1294 ലാണ് മാർപാപ്പയായി തിരഞ്ഞെടുത്തത്. ജൂലൈ 5 ന് തിരഞ്ഞെടുക്കപ്പെട്ട അദ്ദേഹം ഓഗസ്റ്റ് 29 ന് സ്ഥാനമേറ്റു. ഡിസംബർ 13 നു സ്ഥാനത്യാഗം ചെയ്തു.

സ്ഥാനത്യാഗനിയമം ഉണ്ടാക്കിയത് സെലസ്റ്റിൻ അഞ്ചാമൻ മാർപാപ്പയാണ്. ആ അവകാശം സ്വമേധയാ പ്രയോഗിച്ച ആദ്യത്തെ ആൾ അദ്ദേഹം തന്നെയാണ്... നീണ്ട 719 വർഷങ്ങൾക്കു ശേഷം ഇപ്പോൾ അങ്ങും...അങ്ങയെപ്പോലെതന്നെ ചുരുങ്ങിയ കാലയളവിനുള്ളിൽ സെലസ്റ്റിൻ മാർപാപ്പ ചെയ്ത മറ്റൊരു സുപ്രധാന നിയമവ്യവസ്ഥയെ ഓർക്കാതിരിക്കാൻ ആവില്ല...

അതു മാർപാപ്പയെ തിരഞ്ഞെടുക്കാനുള്ള രഹസ്യ കോൺക്ലേവിനേപ്പറ്റിയായിരുന്നു. മാർപാപ്പയെ തിരഞ്ഞെടുക്കുംവരെ കർദ്ദിനാളന്മാരെ പുറത്തുവിടരുതെന്ന ഗ്രിഗറി പത്താമൻ മാർപാപ്പയുടെ ഉത്തരവ് സ്ഥിരീകരിക്കുന്നതായിരുന്നു ഇത്. ഈ നിയമം ഇന്നും കാര്യമായ മാറ്റമില്ലാതെ തുടരുന്നു.

സിസിലിയിൽ ജനിച്ച പിയെത്രോ ആൻജലേറിയോയുടെ ചെറുപ്പത്തിലേ പിതാവു മരിച്ചു. നല്ലൊരു കൃഷിക്കാരനായിരുന്നു പിയെത്രോ... കൃഷിപ്പണികൾക്കിടയിലും കൊച്ചു പിയെത്രോ ധ്യാനിച്ചിരുന്നത് കർത്താവിന്റെ മുന്തിരിത്തോട്ടത്തിലെ വേലകളായിരുന്നു. കർത്താവിന്റെ കാര്യങ്ങൾ മാത്രമായിരുന്നു ഈ 'ടീനേജ്കാരന്റെ' ബദ്ധശ്രദ്ധ. അവസാനം കർത്താവിന്റേതു മാത്രമായി ജീവിക്കാൻ പതിനേഴാമത്തെ വയസ്സിൽ ബെനഡിക്ടൈൻ സന്ന്യാസസഭയിൽ ചേർന്നു. കുറേ കഴിഞ്ഞപ്പോൾ സമൂഹജീവിതം ഉപേക്ഷിച്ച് മോറോണെ മലയിൽ താമസമാക്കി. അവിടെ അദ്ദേഹം തുടങ്ങിയതാണ് സെലസ്റ്റിൻ എന്നറിയപ്പെടുന്ന സന്ന്യാസസഭ.

1292 ഏപ്രിൽ നിക്കോളോസ് മാർപാപ്പ അന്തരിച്ചപ്പോൾ പിൻഗാമിയെ തിരഞ്ഞെടുക്കാൻ ചേർന്ന കർദ്ദിനാൾ സംഘത്തിന് പെട്ടെന്നൊരു തീരുമാനം എടുക്കാൻ കഴിഞ്ഞില്ല. നീണ്ട രണ്ടു വർഷങ്ങൾ കത്തോലിക്കാസഭയ്ക്കു തലവനില്ലായിരുന്നു... മനംനൊന്ത്, പിയെത്രോ കർദ്ദിനാളന്മാർക്ക് ഒരു കത്തയച്ചു. വേഗം മാർപാപ്പയെ തിരഞ്ഞെടുത്തില്ലെങ്കിൽ അവരുടെമേൽ ദൈവകോപം നിപതിക്കുമെന്നാണ് കത്തിൽ പറഞ്ഞത്. കത്തു വായിച്ച കർദ്ദിനാൾ സംഘത്തിന്റെ ഡീൻ ലത്തീനോ മലാബ്രാങ്ക പിയെത്രോയെ മാർപാപ്പയായി തെരഞ്ഞെടുക്കാൻ നിർദ്ദേശിച്ചു. മറ്റുള്ളവർ അതിനെ പിന്താങ്ങി. പ്രതിനിധികൾ തന്റെ ആശ്രമത്തിലെത്തിയപ്പോൾ പിയെത്രോ വിസമ്മതിച്ചു. അവിടെ നിന്നും ഒളിച്ചോടാൻ ശ്രമിച്ചു. ഒടുവിൽ നേപ്പിൾസിലേയും ഹങ്കറിയിലേയും രാജാക്കന്മാരും കർദ്ദിനാളന്മാരും ചേർന്നാണ് ആശ്രമത്തിൽ നിന്നും പിയെത്രോയെ പുറത്തുകൊണ്ടുവന്നത്.

അക്വീലാ പട്ടണത്തിലെ സാന്താമരിയ ഡി കൊള്ളേ മാജിയോ ദൈവാലയത്തിൽ 1294 ഓഗസ്റ്റ് 29 ന് അദ്ദേഹം സെലസ്റ്റിൻ അഞ്ചാമൻ എന്ന പേരിൽ സ്ഥാനമേറ്റു. അഞ്ചുമാസവും എട്ടു ദിവസവും മാർപാപ്പയായിരുന്ന ശേഷം 1294 ഡിസംബർ 13 ന് അദ്ദേഹം സ്ഥാനത്യാഗം പ്രഖ്യാപിച്ചു. എളിമയിലും വിശുദ്ധിയിലും ജീവിക്കാനും കറയില്ലാത്ത മനഃസാക്ഷി നിലനിർത്താനുംവേണ്ടി തന്റെ അറിവില്ലായ്മയും ശാരീരിക കുറവുകളും മനസ്സിലാക്കുകയും തന്റെ




പൂർവ്വജീവിതത്തിലെ പ്രശാന്തത തിരികെ നേടാനുമാണ് സ്ഥാനത്യാഗം ചെയ്യുന്നതെന്ന് സെലസ്റ്റിൻ അഞ്ചാമൻ രാജി പ്രസ്താവനയിൽ വിശദീകരിച്ചു.

മരണശേഷം 17-ാം വർഷത്തിൽ 1313 ൽ തന്റെ രണ്ടാമത്തെ പിൻഗാമിയായ ക്ലെമന്റ് അഞ്ചാമനാൽ സെലസ്റ്റിൻ അഞ്ചാമൻ വിശുദ്ധനായി നാമകരണം ചെയ്യപ്പെട്ടു.

ഞങ്ങളുടെ സ്നേഹനിധിയായ പിതാവേ, നിങ്ങളുടെ രണ്ടുപേരുടെയും സ്ഥാനത്യാഗത്തിനുമുമ്പിൽ, വിശുദ്ധ ജീവിതത്തിന്റെ മുമ്പിലിരുന്ന് ഞങ്ങളുടെ ജീവിതത്തെ വിലയിരുത്തട്ടെ...

സ്ഥാനമാനങ്ങൾക്കുവേണ്ടി ഞങ്ങളെല്ലാവരും നെട്ടോട്ടമോടുകയാണ്. അധികാരത്തിനുവേണ്ടി ആരെ കൊല്ലാനും ആർക്കും മടിയില്ല...'കസേരയ്ക്കുവേണ്ടി' സഹോദരങ്ങളുടെ 'കാലന്മാരാകുന്ന' സ്ഥാനമോഹികളുണ്ടിവിടെ... അങ്ങു പറഞ്ഞല്ലോ "സഭയുടെ നന്മയ്ക്കുവേണ്ടിയാണ് ഞാൻ സ്ഥാനമൊഴിയുന്നത്. സ്വയം സ്നേഹത്തെക്കാൾ വലിയ സഭാസ്നേഹമാണല്ലോ അങ്ങയെ സ്ഥാനത്യാഗത്തിലേക്കു നയിച്ചത്. ഞങ്ങളുടെ സ്വയംസ്നേഹം മൂലം അന്ത്യശ്വാസം വലിക്കുമ്പോഴും ഞങ്ങൾ അധികാരത്തിൽ കടിച്ചുതൂങ്ങിക്കിടക്കുകയാണ്... ആർക്കും ഒന്നും വിട്ടുകൊടുക്കില്ല ഞങ്ങൾ. പ്രാണൻ പിരിയുന്ന നേരമായാലും മക്കൾക്ക് അധികാരവും സ്വത്തുക്കളും വിട്ടുകൊടുക്കാത്ത മാതാപിതാക്കന്മാർ... സ്ഥാപനം നശിച്ചാലും പ്രസ്ഥാനം നശിച്ചാലും തന്റെ സ്ഥാനം ഉറപ്പിക്കുവാൻ കഠിനാദ്ധ്വാനം ചെയ്യുന്ന സ്വാർത്ഥമതികളായ, സ്ഥാനമോഹികളായ നേതാക്കന്മാർ... രാജ്യം നശിച്ചാലും അധികാരം വിട്ടൊഴിയാത്ത ഭരണാധിപന്മാർ... അധികാരം കയ്യിൽ കിട്ടിയാൽ അധീനരെ അടിച്ചമർത്തുന്ന അധികാരികൾ. അധികാരം പീഡനോപകരണമാകുന്നു... അധികാരത്തിനുവേണ്ടി സഹജരുടെ മാനം കെടുത്തുന്നവർ... അധികാരം കിട്ടാത്തതിൽ മനംനൊന്ത് മാനസികരോഗികളായവരും ഈ മഹാസംസ്ഥാനത്തുണ്ട്.

ക്ഷമിക്കണേ പിതാവേ... അങ്ങയുടെ മഹാത്യാഗത്തിനുമുമ്പിൽ ഞങ്ങൾ ലജ്ജിച്ചു തലതാഴ്ത്തുകയാണ്... ഈ മഹാത്യാഗം ഞങ്ങളിൽ മനംമാറ്റത്തിനു കാരണമായെങ്കിൽ... ഈ ഉയിർപ്പുകാലത്ത് ഞങ്ങൾ ഓരോരുത്തരും അതിനായി പരിശ്രമിക്കട്ടെ. തന്റെ പിൻഗാമിക്ക് അനുസരണവും ആദരവും വാഗ്ദാനം ചെയ്ത് ഭാവിയിലെ പാപ്പാ നിങ്ങളുടെ ഇടയിലുണ്ട് എന്ന ആശംസയോടെ അങ്ങ് വിടവാങ്ങിയപ്പോൾ ഞങ്ങളെല്ലാം വിങ്ങിപ്പൊട്ടുകയായിരുന്നു... ഞങ്ങളുടെ തേങ്ങലുകളും, വേർപാടിന്റെ വേദനയും അങ്ങയുടെ മഹത്തായ മാതൃകയെ പിൻചെല്ലുവാൻ ഞങ്ങൾക്കു കരുത്തു പകരട്ടെ.

'എനിക്കുശേഷം പ്രളയം' എന്ന ചിന്ത വെടിഞ്ഞ് അങ്ങയെപ്പോലെ ഈലോക മോഹങ്ങളെ, സുഖസൗകര്യങ്ങളെ, സ്ഥാനമാനങ്ങളെ, സമ്പത്തിനെ, ആർഭാടങ്ങളെ, ആധുനിക ആഡംബര ജീവിതശൈലികളെ, എല്ലാം... എല്ലാമെല്ലാം ഉപേക്ഷിക്കുവാൻ, ഈശോയ്ക്കുവേണ്ടി ഉച്ഛിഷ്ടം പോലെ കരുതാൻ, അപ്രകാരം ജീവിക്കുവാൻ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ. ഞങ്ങളെ അനുഗ്രഹിക്കണമേ.

ഒത്തിരി നന്ദിയോടെ, പ്രാർത്ഥനയോടെ,
സ്നേഹത്തോടെ, സ്വന്തം മക്കൾ

### ഉയിർപ്പുകാലം

മരണത്തിന് നമ്മുടെ മേലുള്ള ആധിപത്യത്തിന് അന്ത്യംകുറിച്ചതും നമുക്ക് സ്വർഗ്ഗരാജ്യത്തിലേക്കുള്ള വഴിയൊരുക്കിയതും ഈശോയുടെ ഉത്ഥാനമാണ്. വിശ്വാസത്തിന്റെ വലിയ രഹസ്യമായ മിശിഹായുടെ ഉത്ഥാനം ജീവിതത്തിന്റെ പ്രത്യാശയായിത്തീരാൻ നമുക്കു പ്രാർത്ഥിക്കാം. അവിടുത്തോടൊപ്പം ഉയിർപ്പിക്കപ്പെടുമെന്ന പ്രത്യാശയിൽ മിശിഹായെ, കർത്താവും ദൈവവുമായി ഏറ്റുപറയാനും ഉത്ഥിതന്റെ സമാധാനവും ശാന്തിയും കുടുംബങ്ങളിലും മനുഷ്യവർഗ്ഗം മുഴുവനിലും നിരന്തരം നിറയാനും പ്രാർത്ഥിക്കാം



# ഈശോ എന്റെ സ്വന്തം

**സെലീനാ വെള്ളാത്തടം**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

അന്നാമോൾ ഈശോയെ ഒത്തിരി സ്നേഹിച്ചു. എന്നും ബൈബിൾ വായിക്കും. നോമ്പുകാലം മുഴുവൻ ഈശോയുടെ പീഡാനുഭവം വായിച്ചു ധ്യാനിച്ചു. ഈശോയെ അറിഞ്ഞ അവൾ ഈശോയോടുകൂടി മരിക്കാനും ഉത്ഥാനം ചെയ്യാനും ആഗ്രഹിച്ചു. അവളുടെ മനസ്സിൽ ഈശോയുടെ രൂപം മാത്രം തെളിഞ്ഞുനിന്നു.

പാപികളോടുള്ള അവാച്യമായ സ്നേഹത്താൽ നിർബന്ധിതനായി അവിടുന്ന് മനുഷ്യനായി അവതരിച്ചു. പാപമൊഴികെ എല്ലാക്കാര്യങ്ങളിലും മനുഷ്യനേപ്പോലെയായിക്കൊണ്ട് പാപങ്ങൾക്ക് അർഹിക്കുന്ന ശിക്ഷ സ്വയം ഏറ്റെടുത്തു. സന്തോഷപൂർവ്വം അവിടുന്നു തന്നെത്തന്നെ ഒരു ബലിവസ്തുവായി സ്വർഗ്ഗപിതാവിന് സമർപ്പിച്ചു. എന്നാൽ, അഹങ്കാരവും അനുസരണക്കേടുംവഴി സഭാമക്കൾ ഇന്നും ആദത്തിന്റെ പാപം ആവർത്തിക്കുന്നു.

ലോകക്ഷമാദിനത്തിൽ ദീപികയുടെ ചോക്ലേറ്റിൽ കൊച്ചേട്ടൻ എഴുതി. ദേശീയവും അന്തർദ്ദേശീയവുമായ സംഘർഷങ്ങൾ ലോകസമാധാനത്തിന് ഭീഷണിയായി നിലകൊള്ളുന്നു. ക്ഷമിക്കാനുള്ള സഹജവാസനയെ ചങ്ങലയ്ക്കിട്ട് പകയുടേയും വൈരാഗ്യത്തിന്റേയും ശത്രുതയുടേയും വേട്ടനായ്ക്കളെ മറ്റുള്ളവരിലേക്ക് അഴിച്ചുവിട്ട് അധീശത്വത്തിന്റെ ആഘോഷം നടത്തുകയാണ് മനുഷ്യൻ. തീരാത്ത ശത്രുത മാനവികതയ്ക്ക് അപമാനമാണ് എന്നദ്ദേഹം പറയുന്നു.

മറ്റുള്ളവന്റെ നൊമ്പരങ്ങൾ കണ്ട് ക്രൂരതയുടെ സുഖമനുഭവിക്കുന്ന ലോകം. ജീവന്റെ അവസാനത്തുടിപ്പ് ചങ്കിൽനിന്നും പറിഞ്ഞുപോകുന്ന നിസ്സഹായ നിമിഷങ്ങ

ളിലും ഈശോനാഥന്റെ ഉള്ളിൽ പക ഇല്ല. അപരന്റെ ഞരമ്പുകളിൽ ജീവരക്തം ഒഴുക്കാൻ അവിടുന്ന് കുരിശിൽ പിടഞ്ഞുമരിച്ചു. "ഞാൻ വന്നിരിക്കുന്നത് ജീവൻ ഉണ്ടാകാനും അതു സമൃദ്ധമായി ഉണ്ടാകുവാനുമാണ്" (യോഹ 10, 10). അതെ, അഴിഞ്ഞുപോകാത്ത ജീവൻ തരാൻ അവിടുന്നു ലോകത്തിലവതരിച്ചു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും എന്ന ഈശോയുടെ വചനം ഈസ്റ്റർ ആഘോഷത്തിന്റെ ആഹ്വാനമാണ്.

പ്രപഞ്ചത്തിന്റെ എല്ലായിടങ്ങളിലും ദൈവസാന്നിധ്യം നിറഞ്ഞുനിൽക്കുന്നു. ഉയിർത്തെഴുന്നേറ്റ ഈശോ ലോകത്തോട് പറയുന്നു: "നിങ്ങൾക്കു സമാധാനം" ലോകം തരുന്നതു പോലയല്ല എന്റെ സമാധാനം നിങ്ങൾക്ക് ഞാൻ തരുന്നത് എന്ന് മിശിഹാ ശിഷ്യരോട് പറയുന്നു. ഭൂമിയുടെ ഏതു കോണിൽനിന്നും നിലവിളിക്കുന്ന മനുഷ്യന്റെ അടുത്തേക്ക് അവൻ സമാധാനവുമായി ഇറങ്ങിവരുന്നു. നിന്ദനങ്ങളുടേയും പീഡനങ്ങളുടേയും കുരിശെടുക്കുന്നവന്റെ ചാരെ അവനുണ്ടാവും. അന്ധകാരം നീക്കി, ഒരു മല്ലന്റെ പ്രസന്നതയോടെ പുറത്തുവരുന്ന ഉദയസൂര്യനെപ്പോലെ സത്യ നീതി ധർമ്മാദികൾ വിജയം ചൂടും. നന്മയെ തിന്മയ്ക്കു പരാജയപ്പെടുത്താനാവില്ല.

കാൽവരി കയറിയവൻ, കുരിശിൽ തറയ്ക്കപ്പെട്ടവൻ, കല്ലറയിൽ പൂട്ടി കുഴിച്ചു മൂടപ്പെട്ടവൻ, സർവ്വപ്രതാപങ്ങളോടുംകൂടി ഉയിർത്തെഴുന്നേറ്റു. കല്ലറയ്ക്കു മുമ്പിൽ കരഞ്ഞുകൊണ്ടുനിന്ന മഗ്ദലേനക്കാരിക്ക് തോട്ടക്കാരന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ടവൻ, എമ്മാവൂസിലേക്കു പോയ ചങ്ങാതിമാർക്ക് സഹയാത്രികനായവൻ, തിബേരിയൂസ് കടൽക്കരയിൽ വിശന്നുവന്ന ശിഷ്യർക്ക് പ്രാതലൊരുക്കിയവൻ, തോമ്മാശ്ലീഹായുടെ സന്ദേഹമകറ്റിയവൻ, യഹൂദരെ ഭയന്ന് കതകടച്ചിരുന്ന ശിഷ്യർക്ക് ധൈര്യം പകർന്നവൻ. ഇന്നിതാ വിശക്കുന്നവന്റെ മുമ്പിൽ അപ്പമായി, ദുഃഖിക്കുന്നവന് ആശ്വാസമായി, ആശയറ്റവർക്ക് അത്താണിയായി, സങ്കടത്തിനും പരാജയത്തിനും ആയുസ്സില്ലെന്ന് പഠിപ്പിച്ചുകൊണ്ട് കടന്നുവരുന്നു.

അന്നാമോൾ ഹൃദയത്തിലുറപ്പിച്ചു. ഇനി എന്റെ നാഥൻ ഒരിക്കലും മരിക്കില്ല. എന്നും എന്നോടൊത്തുണ്ട്. ഈശോ എന്റെ സ്വന്തമാണ്; ഞാൻ അവന്റെ സ്വന്തമാണ്.

**ഉയിർപ്പുകാലം ഞായറാഴ്ചകളിലെ വിശുദ്ധഗ്രന്ഥവായനകൾ**

1. യോഹ 20,1-18; റോമാ 6,1-14
2. യോഹ 20,19-29; കൊളോ 1,12-20
3. യോഹ 14,1-14; എഫേ 1,13-14
4. മർക്കോ 3,13-19; എഫേ 4,1-13
5. യോഹ 21,1-14; ഹെബ്രാ 10,19-25
6. യോഹ 17,20-26; എഫേ 2,11-22
7. മർക്കോ 16,19-20; ഫിലി 2,1-11








# തകർക്കപ്പെടുന്ന യൂറോപ്പിലെ ദൈവാലയങ്ങൾ

**ഫിലോ കുറ്റിയാത്ത്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

ഒരിക്കൽ യൂറോപ്പിലെ ഒരു വിശാലമായ വഴിയിലൂടെ നടക്കുമ്പോൾ ദൂരെ ഉയർന്നുനില്ക്കുന്ന ഒരു  കുരിശ് കാണാൻ ഇടയായി. ഒരു  ദൈവാലയം കണ്ടിരുന്നെങ്കിൽ അല്പം പ്രാർത്ഥിക്കാമായിരുന്നു എന്നു ചിന്തിച്ചിരുന്ന എനിക്ക് അതു വലിയ സന്തോഷം നല്കി. അങ്ങനെ കുരിശിലേക്കു നോക്കി മുന്നോട്ടു നടന്നു. ദൈവാലയാങ്കണത്തിലേക്കു പ്രവേശിച്ചപ്പോൾ എന്തോ പന്തികേടു തോന്നി. ഉള്ളിൽ എന്തൊക്കെയോ ശബ്ദങ്ങൾ, ആളുകളുടെ ബഹളങ്ങൾ, അടിപൊളി ഗാനങ്ങൾ... കുരിശും ബാഹ്യരൂപവുമെല്ലാം ദൈവാലയത്തിന്റേതാണെങ്കിലും ഉള്ളിൽ മറ്റെന്തൊക്കെയോ ക്രയവിക്രയങ്ങൾ നടക്കുന്നു. അല്പം ജാള്യതയോടെ (വിളറി) നിന്ന എന്നോട് ആരോ ചെവിയിൽ മന്ത്രിച്ചു ഒരു കാലത്ത് ഇതൊരു ദൈവാലയമായിരുന്നു. എന്നാൽ ഇപ്പോൾ ഇതൊരു ബാർ ഹോട്ടൽ ആണ് എന്ന്. 'എന്റെ ഈശോയെ' എന്ന് ഞാൻ അറിയാതെതന്നെ വിളിച്ചുപോയി. (യൂറോപ്പിലെ പല ദൈവാലയങ്ങളും ഇന്നു മറ്റു പലതുമായി മാറ്റപ്പെട്ടുകഴിഞ്ഞു എന്ന് പിന്നീട് അറിയാൻ കഴിഞ്ഞു). അവിടെനിന്നും ഇറങ്ങി എന്റെ ലക്ഷ്യത്തിലേക്കു നീങ്ങുമ്പോൾ എന്തുകൊണ്ട് ഇങ്ങനെയൊക്കെ സംഭവിക്കുന്നു എന്ന ചിന്ത എന്നെ വല്ലാതെ അലട്ടി. അപ്പോൾ എന്റെ മനസ്സിലേക്കു ചില ചിന്തകൾ കടന്നുവന്നു. എന്തുകൊണ്ടാണ് ഇന്നു ദൈവാലയങ്ങൾ ആവശ്യമില്ലാതെ വരുന്നത്? കാരണം മനുഷ്യന്റെ ഉള്ളിലുള്ള ദൈവാലയം തകർക്കപ്പെട്ടു എന്നതുതന്നെ. ത്രിത്വൈക ദൈവത്തിന്റെ സാന്നിദ്ധ്യം നിറഞ്ഞുനില്ക്കേണ്ട മനുഷ്യന്റെ ഹൃദയങ്ങൾ ഇന്നു മദ്യാലയങ്ങളായി. ലൈംഗീകാസക്തി പൂർത്തീകരിക്കുന്ന ആലയങ്ങളായി, ഭൗതികതയുടെ - സമ്പത്തിന്റെ ആലയങ്ങളായി മാറിയിരിക്കുന്നു. ഹൃദയം മുഴുവനും മദ്യാസക്തിയാലും ലൈംഗികാസക്തിയാലും ഭൗതികാസക്തിയാലും നിറഞ്ഞിരിക്കുമ്പോൾ ബാഹ്യമായ ദൈവാലയങ്ങൾ അവനെന്തിന്? മനുഷ്യന്റെ ഉള്ളിൽ ഒരു ദൈവാലയം ഉണ്ടെങ്കിൽ മാത്രമേ ബാഹ്യമായ ദൈവാലയങ്ങളിൽ ഒന്നിച്ചുകൂടുവാനും ദൈവത്തെ മഹത്ത്വപ്പെടുത്തുവാനും പരസ്പരം സ്നേഹം പങ്കുവയ്ക്കുവാനുമുള്ള ആവശ്യം അവന് അനുഭവപ്പെടുകയുള്ളൂ. അതില്ലെങ്കിൽ വലിയ മനോഹരമായ ദൈവാലയങ്ങൾ മദ്യഷാപ്പുകളാലും ലൈംഗികതയെ പ്രീതിപ്പെടുത്തുന്ന ഇടമായും സമ്പത്തിനെ ലക്ഷ്യംവയ്ക്കുന്ന സ്ഥലമായും കല്ലും സിമന്റും കൊണ്ടു കെട്ടിപ്പൊക്കിയ വെറുമൊരു കെട്ടിടമായും മാറും എന്നതിൽ അതിശയിക്കാനില്ല. ഈ വിശ്വാസവർഷത്തിൽ നമ്മുടെ ഉള്ളിലുള്ള ദൈവാലയത്തെ കൂടുതൽ മനോഹരമാക്കാം. എന്തെങ്കിലും കാരണത്താൽ തകർന്നു പോയെങ്കിൽ അതു പുതുക്കി പണിയാം. അതാണ് വിശ്വാസവർഷാചരണത്തിലൂടെ സഭ നമ്മോടാവശ്യപ്പെടുന്നത്.






# ഉത്ഥിതനോടൊപ്പം...

**ഷിനി മുതുപ്ലാക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

തിബേരിയാസ് കടൽത്തീരത്ത് ഈശോ ശിഷ്യന്മാർക്ക് മൂന്നാം പ്രാവശ്യം പ്രത്യക്ഷപ്പെടുന്നത് യോഹന്നാൻ സുവിശേഷകൻ മനോഹരമായി വരച്ചുചേർത്തിരിക്കുന്നു (21,1-14).

ഗുരുവിന്റെ അഭാവത്തിൽ ശിഷ്യന്മാർ എടുത്ത തീരുമാനം ഒരു തിരിച്ചുപോകലിന്റേതായിരുന്നു: പഴയ ജോലിയിലേക്ക് - മീൻപിടുത്തത്തിലേക്ക്... (21,3). ദൈവത്തെക്കൂടാതെയുള്ള അദ്ധ്വാനത്തിന്റെ പരിണിതഫലമെന്താണെന്ന് ഈ സംഭവം ചൂണ്ടിക്കാട്ടുന്നു - ശൂന്യമായ കരങ്ങളും ഭാരം നിറഞ്ഞ മനസ്സും...

ഉഷസ്സായപ്പോൾ ഈശോ കടൽക്കരയിൽനിന്നു ചോദിക്കുന്നു, 'നിങ്ങളുടെ അടുക്കൽ മീൻ വല്ലതും ഉണ്ടോ' എന്ന് (21,5). 'ഇല്ല' എന്ന ഉത്തരത്തിലൂടെ തങ്ങളുടെ ഇല്ലായ്മയെ എളിമയോടെ അംഗീകരിക്കാൻ അവർ തയ്യാറാകുന്നു എന്നത് അഭിനന്ദനാർഹം തന്നെ!

വള്ളത്തിന്റെ വലതുവശത്ത് വലയിടുക (21,6) എന്ന 'അജ്ഞാതന്റെ' ആജ്ഞ അനുസരിക്കാൻ അറിവുകളും അനുഭവജ്ഞാനവും ശിഷ്യന്മാർ അകറ്റിനിർത്തി. ജീവിതാനുഭവങ്ങളുടെ ചുവടുപിടിച്ച് സ്വന്തം അറിവിൽ അഹങ്കരിക്കുന്നവർക്കും മറ്റുള്ളവരുടെ വാക്കുകളെ പുച്ഛിക്കുന്നവർക്കും വ്യക്തികളുടെയും സാഹചര്യങ്ങളുടെയും മുമ്പിൽ മുൻവിധിയുടെ അതിർവരമ്പുകൾ സൃഷ്ടിക്കുന്നവർക്കും സ്വീകരിക്കാവുന്ന ഒരു മാതൃക...

ലഭിച്ച ആജ്ഞ അനുസരിച്ചപ്പോൾ അവർക്കു ലഭിച്ചത് സമൃദ്ധിയുടെ ചാകര! (21,6) ദൈവം കൂടെയുള്ളവന്, ദൈവവചസ്സുകൾ കേട്ടനുസരിക്കുന്നവന് അവിടുന്നൊരുക്കുന്ന ചാകരകൾ ഇപ്രകാരംതന്നെ.

കർത്താവാണെന്ന് തിരിച്ചറിയുന്ന നിമിഷം അവിടുത്തെ പക്കലേക്ക് എത്തുവാൻ വേണ്ടി നഗ്നനായിരുന്നതിനാൽ പുറങ്കുപ്പായം ധരിച്ച് കടലിലേക്കു ചാടുന്ന പത്രോസ്... (21,7). തമ്പുരാന്റെ വിശുദ്ധിയുടെ പ്രകാശത്തിലാണ് ആത്മാവിന്റെ നഗ്നത തിരിച്ചറിയുന്നത്. എന്നാൽ ആത്മാവ് ശുഷ്കമാണെന്നും പുണ്യങ്ങളുടെ ആടയാഭരണങ്ങൾ ഒന്നുമില്ലാത്ത അവസ്ഥയിലാണെന്നുമുള്ള തിരിച്ചറിവ് നാണക്കേടോടെ നിരാശയിലേക്ക് മുഖം പൂഴ്ത്താനുള്ള അവസരമാകരുത്. വിശുദ്ധിയുടെ, ദൈവാനുഭവത്തിന്റെ പടവുകൾ കയറാനാകാതെ മാനുഷികതയുടെ കല്ലിൽ തട്ടിവീണാലും, ഭൗതികതയുടെയും സുഖലോലുപതയുടെയും തിരമാലകളിൽപെട്ടാലും ഉത്ഥിതന്റെ സാന്നിദ്ധ്യത്തിലേക്ക് നീന്തിയണയാമെന്നുള്ള ഒരു പ്രതീക്ഷ... ഒരു വിശ്വാസം.... അതാണുണ്ടാകേണ്ടത്. ഉപേക്ഷിച്ചുപോയാലും പശ്ചാത്തപിച്ച് തിരിച്ചുവരുന്നവർക്ക് പ്രാതലൊരുക്കി കാത്തിരിക്കുന്നവനാണ് ഉത്ഥിതൻ.... (21,12). ആ സ്നേഹവലയത്തിനുള്ളിലാവട്ടെ മനുഷ്യജീവിതങ്ങൾ.




# അമ്മയോടൊപ്പം വിശ്വാസവഴിയേ





**അനിത ആത്രശ്ശേരിയിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

ജപമാല കൈകളിലേന്തി
തിരുനാമജപങ്ങളുമായി
അഭയം തേടിവരുന്നൂ മക്കൾ
അമ്മേ തുണയായ് വരണേ

**ഒന്നാം ദൈവരഹസ്യം**

തിരുരക്തത്താൽ ഭൂസ്വർഗ്ഗത്തെ
രഞ്ജിതമാക്കി രക്ഷകനീശോ
പാപത്തിന്നു മരിച്ചവരായി
തീരാൻ മരിയേ പ്രാർത്ഥിക്കണമേ
(ജപമാല കൈകളിലേന്തി...)

**രണ്ടാം ദൈവരഹസ്യം**

ഉലകിൻ നാഥൻ ഉത്ഥിതനായി
ഉയിരും ശരണവും മനുജനു നല്കി
ഉന്നതചിന്തകളെൻ മനതാരിൽ
നിറയാൻ മരിയേ പ്രാർത്ഥിക്കണമേ
(ജപമാല കൈകളിലേന്തി...)

**മൂന്നാം ദൈവരഹസ്യം**

ഉത്ഥാനത്താൽ മരണത്തിന്മേൽ
ശാശ്വതവിജയം നേടീനാഥൻ
നിത്യതനേടാമെന്ന പ്രതീക്ഷയിൽ
മരുവാൻ മരിയേ പ്രാർത്ഥിക്കണമേ
(ജപമാല കൈകളിലേന്തി...)

**നാലാം ദൈവരഹസ്യം**

സ്വർഗ്ഗതലത്തിൽ വാസമൊരുക്കാൻ
സ്വർഗ്ഗം പൂകി കർത്താവീശോ
ഉത്ഥിതരായി സ്വർഗ്ഗം ചേരാൻ
സുതനൊടു മരിയേ പ്രാർത്ഥിക്കണമേ
(ജപമാല കൈകളിലേന്തി...)

**അഞ്ചാം ദൈവരഹസ്യം**

ഗാത്രനിണങ്ങളൊഴുക്കി ധരയിൽ
സഭയാം ഗാത്രം പണിതീർത്തീശോ
സഭയിൽ നിരുപമ വിശ്വാസത്തിരി
തെളിയാൻ മരിയേ പ്രാർത്ഥിക്കണമേ
(ജപമാല കൈകളിലേന്തി...)

**നമുക്കു പ്രാർത്ഥിക്കാം**

മരണത്തെ ജയിച്ചടക്കി, അക്ഷയാദി മഹത്ത്വങ്ങളോടെ ഉയിർത്തെഴുന്നേറ്റ്, ഞങ്ങളെ വിശ്വാസത്തിലുറപ്പിക്കുകയും സകല വിശ്വാസികൾക്കും ഉത്ഥാനവും വിജയവും ലഭിക്കുമെന്ന് ഉറപ്പു നല്കുകയും ചെയ്ത മഹത്ത്വത്തിന്റെയും ബഹുമാനത്തിന്റെയും കിരീടമണിഞ്ഞ്, സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും പ്രാപിച്ച കർത്താവേ, തിരുവുത്ഥാനത്തിന്റെ ശക്തിയെ അറിയുന്നതിനും ജീവിതത്തിലും മരണത്തിലും നിന്നെ മഹത്ത്വപ്പെടുത്തണമെന്ന ഉദ്ദേശത്തോടെ വിശ്വസ്തരായി ജീവിക്കുന്നതിനും ഞങ്ങളെ അനുഗ്രഹിക്കണമേ. ഗോതമ്പുമണി നിലത്തു വീണഴിഞ്ഞ് ഫലമുളവാക്കുന്നതുപോലെ നിന്നോടൊപ്പം പീഡകൾ സഹിക്കാൻ തക്കവിധം ഞങ്ങളുടെ പ്രത്യാശ ദൈവിക കാര്യങ്ങളിലർപ്പിക്കാനും സ്വർഗ്ഗോന്മുഖരായി ജീവിക്കുവാനും ഞങ്ങൾക്ക് കൃപ നൽകണമേ. രക്ഷാകര കർമ്മത്തിൽ ശക്തി പകർന്ന സാന്നിധ്യമായി തീർന്ന പരി. അമ്മയുടെ മാതൃസഹജമായ സഹായവും സംരക്ഷണവും ഞങ്ങൾക്കു നല്കണമെന്നും ജീവിതത്തിലെ എല്ലാ രംഗങ്ങളിലും വിശിഷ്യാ മരണസമയത്തും ഞങ്ങൾക്കു തുണയും സഹായവുമായി തീരണമെന്നും ഞങ്ങളുപേക്ഷിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, ആമ്മേൻ.

വിശുദ്ധിയുടെ മാതൃകയായ
മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധരാകാമെന്ന പ്രത്യാശ
ഞങ്ങൾക്ക് നല്കണമേ



## Spirituality Centre Programme

**March**

| | | |
|---|---|---|
| 27-31 | - | Holy Week Retreat |

**April**

| | | |
|---|---|---|
| 07-09 | - | Pro Sanctity Retreat for Sunday School Students |
| 09-10 | - | Cenacle Meeting |
| 12-13 | - | Secular Institute Meeting |
| 16-17 | - | Cenacle Meeting |
| 20-21 | - | School of Bible |
| 23-25 | - | Christian Institute |
| 27 | - | Recollection for Oblates |

**May**

| | | |
|---|---|---|
| 02-07 | - | Retreat for Oblates |
| 10 | - | Social Animators' Meeting |
| 15-17 | - | Pro Sanctity Retreat for Sunday School Students |
| 18-19 | - | School of Bible |
| 21-22 | - | Cenacle Meeting |

## പ്രതീക്ഷയുടെ

# പൂമൊട്ടുകൾ

''കർത്താവെന്നിഹ നാം
രക്ഷകനീശോയെ
നാവാൽ വാഴ്ത്തിടുകിൽ
ദൈവം കൃപയാൽ മൃതരിൽ നി-
ന്നവനുത്ഥാനം നല്കിയതായ്
ഉൾത്താരിങ്കലുറപ്പോടെ
വിശ്വാസം നിലനിർത്തിടുകിൽ
നാമെന്നും - ജീവൻ നേടീടും''
(ഉയിർപ്പുകാലം, ഞായർ-സപ്രാ)

പ്രോസാങ്ട്ടിറ്റി പബ്ലിക്കേഷൻസ്

For private circulation only